ഔദ്യോഗികഭാഷാ വകുപ്പുതല സമിതി
കേരള നിയമസഭാ സെക്രട്ടേറിയറ്റ്

ഔദ്യോഗികഭാഷാ വകുപ്പുതല സമിതി - കേരള നിയമസഭാ സെക്രട്ടേറിയറ്റ്

# സമന്വയം

വാല്യം 1 | ലക്കം 18 | ഒക്ടോബർ 2023






# പത്രാധിപക്കുറിപ്പ്

സമന്വയം മറ്റൊരു ലക്കം പിന്നിടുകയാണ്. കൂടുതൽ വ്യത്യസ്തതയോടെ സമയക്രമം പാലിച്ച് പുറത്തിറക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. പുതുതായി വായനക്കാരുടെ കത്തുകൾ ചേർക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സമന്വയത്തിലെ ഉള്ളടക്കത്തെക്കുറിച്ച് നിങ്ങൾ അഭിപ്രായങ്ങളും വിമർശനങ്ങളും അറിയിക്കുക. അത് പ്രസിദ്ധീകരിക്കാം. മികച്ചതിന് സമ്മാനവും നൽകാം.

വരകൾ കൂടാതെ, കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തേണ്ടതുണ്ട്. അങ്ങനെ സർഗ്ഗാത്മകതയുടെ സഭയായിത്തീരട്ടെ സമന്വയം.

**എ. എം. ബഷീർ**
സെക്രട്ടറി, കേരള നിയമസഭ





**മുഖ്യരക്ഷാധികാരി**
**ശ്രീ. എ. എൻ. ഷംസീർ**
ബഹു. സ്പീക്കർ, കേരള നിയമസഭ

**മുഖ്യപത്രാധിപർ**
**ശ്രീ. എ. എം. ബഷീർ**
നിയമസഭാ സെക്രട്ടറി

**പത്രാധിപസമിതി**
**ശ്രീമതി രജനി വി. ആർ.**
ജോയിന്റ് സെക്രട്ടറി

**ശ്രീ. ഇ. കെ. മുഷ്താഖ്**
ബഹു. സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി

**ശ്രീ. സബാഹുദ്ദീൻ എസ്. എസ്.**
സെക്ഷൻ ഓഫീസർ

**ശ്രീ. ജയശങ്കർ വി. എസ്.**
അസിസ്റ്റന്റ് ലൈബ്രേറിയൻ

**ശ്രീ. നെൽസൺ ജെ. എളൂക്കുന്നേൽ**
സീനിയർ ഗ്രേഡ് അസിസ്റ്റന്റ്

**ശ്രീമതി ഷൂജ കെ.**
ഇൻഫർമേഷൻ അസിസ്റ്റന്റ്

**കവർ**
**ശ്രീ. എ. എം. ബഷീർ**
നിയമസഭാ സെക്രട്ടറി

**രൂപകൽപ്പന**
**കുര്യൻ ക്രിയേറ്റീവ്**

**അച്ചടി**
**കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്**
**വിലാസം**
ഔദ്യോഗികഭാഷാ വകുപ്പുതല സമിതി
കേരള നിയമസഭാ സെക്രട്ടേറിയറ്റ്



ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമസഭാ സെക്രട്ടേറിയറ്റിന്റെയോ അല്ലെന്നും അവ ലേഖകരുടെ വ്യക്തിപരമായ അഭിപ്രായമാണെന്നും അവയ്ക്കുള്ള ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.


# ഉള്ളടക്കം

## യാത്ര


ധൗളി എന്ന ധവളഗിരി — 6
ദിനേഷ് കുമാർ കെ.


## ലേഖനങ്ങൾ


ചന്ദ്രൻ: മനുഷ്യസന്ദർശനവും മുന്നേറ്റങ്ങളും — 13
വേണുഗോപാൽ ആർ.

ഇന്ത്യൻ ജനാധിപത്യ പ്രക്രിയയിലെ സ്ത്രീ പങ്കാളിത്തം (ഉപന്യാസം മൂന്നാം സ്ഥാനം) — 15
പ്രസാദ് വി.

മുറിവേറ്റവരുടെ പാതകൾ - ഹരിത സാവിത്രി (വായനക്കുറിപ്പ് മത്സരം - ഒന്നാം സ്ഥാനം) — 17
സിൽവി സലീം

ആ മരത്തെയും മറന്നു ഞാൻ (വായനക്കുറിപ്പ് മത്സരം - മൂന്നാം സ്ഥാനം) — 26
ഷൂജ കെ.

ഡോ. ബി. ആർ. അംബേദ്കർ, ആധുനിക ഇന്ത്യയുടെ ശില്പി (വായനക്കുറിപ്പ് മത്സരം - രണ്ടാം സ്ഥാനം) — 30
വിക്രമൻ സി.

അംബേദ്കർ: ഒരു ജീവിതം - ശശി തരൂർ (വായനക്കുറിപ്പ് മത്സരം - രണ്ടാം സ്ഥാനം) — 36
നെൽസൺ ജെ. എളൂക്കുന്നേൽ


## മൊഴിമാറ്റം


വിശിഷ്ട പാചകം — 33
അമ്പാറോദാവില - ജി. പി. ഉണ്ണിക്കൃഷ്ണൻ

## പുസ്തകാസ്വാദനം


ദളിത് ബ്രാഹ്മണൻ 22
ഓമനശീലൻ ജി.


## ചെറുകഥകൾ


ഏഴാമത്തെ നില 8
ഷൂജ കെ.

അവൾ എന്റെ ഭാനു 24
ഡോ. വിഷ്ണുമായ ആർ. എസ്.


## കവിതകൾ


മൃത്യുഞ്ജയം 11
പ്രീത സി. എസ്.

രാത്രി മഴ 12
ഷാജി ഹാരിസ്

മനസ്സ് 16
പ്രമീളാത്തങ്കച്ചി വി. എസ്.

കൂട്ടുകാർ 20
രജനി വി. ആർ.

ശൈലൻ 21
ഡോ. മഞ്ജു പി. യു.

മിഥ്യ 23
സഫിയ ഷാനവാസ്

പ്രണയം 29
പ്രസാദ് വി.

സ്ത്രീ 35
രമേശ് ഡി.






# ധൗളി എന്ന ധവളഗിരി



ദിനേഷ് കുമാർ കെ.
(അണ്ടർ സെക്രട്ടറി)

**2014 ഒക്ടോബർ 30**

ഒഡീഷയിലെ പുരിയിൽ നിന്ന് രാവിലെ യാത്ര പുറപ്പെട്ടു. തെക്കോട്ടാണ് യാത്ര. ചിൽക തടാകവും കൊണാർക്കിലെ സൂര്യക്ഷേത്രവുമാണ് ലക്ഷ്യം. പച്ചപ്പട്ടു പുതച്ച നെൽവയലുകൾ, വയലരികത്തെ ചെറിയ തോടുകൾ, തെങ്ങിൻ തോപ്പുകൾ, അടയ്ക്കാ മരങ്ങൾ ഇവയെല്ലാം കേരളത്തെ അനുസ്മരിപ്പിക്കുന്നു. വഴിയോരങ്ങളിൽ ഓല കൊണ്ട് മേഞ്ഞ കുടിലുകളും, ചെറിയ പെട്ടിക്കടകളും മാത്രം. ചിൽക്കയിലേക്കുള്ള വഴിയുടനീളം വികസനത്തിന്റെ കരസ്പർശമേൽക്കാത്ത ഗ്രാമാന്തരങ്ങൾ. ഏറെ ദൂരം പിന്നിട്ടപ്പോൾ ഒരു വശത്ത് വേമ്പനാട്ടു കായലിനെ അനുസ്മരിപ്പിക്കുന്ന ജലാശയം ദൃശ്യമായി. നീണ്ടു പരന്നു കിടക്കുന്ന ചിൽക്കാ തടാകം. പ്രസിദ്ധമായ ഡോൾഫിൻ ഡാൻസ് കാണുന്നതിനായി ചെറിയ ഷിക്കാര ബോട്ടിൽ കയറി. തടാകത്തിലൂടെ ഓളങ്ങളെ വകഞ്ഞുമാറ്റി ബോട്ട് മുന്നോട്ട് നീങ്ങി. കുറേയേറെ ദൂരം പിന്നിട്ടപ്പോൾ വെള്ളി നിറമാർന്ന ഡോൾഫിനുകൾ ഓളപ്പരപ്പിൽ മിന്നി മറയുന്നതു കണ്ടു. ഒരു നിമിഷം മാത്രം കാഴ്ച സമ്മാനിച്ച് അവ വെള്ളത്തിൽ ഊളിയിട്ടു. ഒരു പ്രദക്ഷിണത്തിന് ശേഷം ബോട്ട് തിരികെ യാത്രയായി.

ഇനി യാത്ര കൊണാർക്കിലേക്കാണ്. കൊണാർക്കിലെത്തുമ്പോൾ നട്ടുച്ച സമയമാണ്. സൂര്യക്ഷേത്രത്തിന് മുകളിൽ സൂര്യൻ ഉച്ചസ്ഥായിയിൽ ജ്വലിക്കുന്നു. ലോക പൈതൃക സ്മാരകമായ കൊണാർക്ക് ശിൽപ്പകലയിലെ ഒരു വിസ്മയമാണ്. പ്രധാന കുംഭ



ഗോപുരം തകർന്നു പോയിരിക്കുന്നു. അനുബന്ധ ക്ഷേത്രം മാത്രമേ ബാക്കിയുള്ളൂ. ക്ഷേത്രത്തിന്റെ ഓരോ നിലയിലും ജീവിതത്തിലെ ബാല്യ-യൗവ്വന-വാർധക്യാവസ്ഥകൾ വിവിധ ശില്പങ്ങളിലൂടെ അനാവൃതമാകുന്നു. ബംഗാൾ ഉൾക്കടലിലെ നാവികർക്ക് ഒരു കാലത്ത് വഴി കാട്ടിയിരുന്ന നിർമ്മിതിയായിരുന്നവത്രേ കറുത്ത പഗോഡ എന്നറിയപ്പെടുന്ന കൊണാർക്ക്. 13-ാം നൂറ്റാണ്ടിൽ പണിത ഈ ക്ഷേത്രം സൂര്യദേവന്റെ രഥത്തെ ആസ്പദമാക്കി നിർമ്മിച്ചതാണ്. 8 ആരക്കാലുകളുള്ള 24 രഥചക്രങ്ങൾ താങ്ങി നിർത്തുന്ന വിശിഷ്ടമായ വാസ്തുവിദ്യാ വൈഭവം.

ധന്യനായി... ചരിത്ര സ്മൃതികൾ നെഞ്ചിൽ ആവാഹിച്ച ഒഡീഷ മനസ്സിനെ വല്ലാതെ കീഴടക്കിയിരിക്കുന്നു. ജനതയുടെ ആതിഥ്യ മര്യാദയും കളങ്കമില്ലാത്ത പെരുമാറ്റവും എളിമയും ആരുടേയും മനസ്സ് കവരുന്നതായിരുന്നു. പുരിയിൽ തിരിച്ചെത്തി അൽപ്പ നേരം വിശ്രമത്തിന് ശേഷം ഭുവനേശ്വരിലേക്ക് യാത്രയായി. ദേശീയപാതയിൽ നിന്ന് തിരിയുമ്പോൾ ഡ്രൈവർ ചോദിച്ചു.



''സർ, ധൗളി-കലിംഗ യുദ്ധം നടന്ന സ്ഥലം- കാണണമോ?'' ചരിത്ര സ്മൃതികൾ മനസ്സിൽ പെരുമ്പറ മുഴക്കുന്നു. എത്ര തിരക്കായാലും കാണണമെന്ന് ഉറപ്പിച്ചു. പച്ചപുതച്ച നെൽവയലുകൾ പിന്നിട്ട് വണ്ടി പാറക്കെട്ടുകളും മുൾച്ചെടികളും വിശാലമായ തരിശിടങ്ങളും നിറഞ്ഞ പീഠഭൂമിയിലേക്ക് കടന്നു. ചുറ്റും തവിട്ട് നിറമാർന്ന സമതലങ്ങളെ എത്തിനോക്കുന്ന ചെറിയ ഒരു കുന്നിലേക്ക് വണ്ടി ഓടിക്കയറി. ഇതാണ് ധൗളി എന്ന ധവളഗിരി. ദയാനദിക്കരയിലെ ഒരു കുന്നിൻ ചെരുവ്... ചരിത്രം വഴിമാറിയ കലിംഗ യുദ്ധം നടന്ന സ്ഥലം. ചുറ്റിനുമുള്ള സമതലങ്ങളിൽ ആയിരക്കണക്കിന് കലിംഗ ഭടൻമാർ പൊരുതി വീണിരിക്കാം. രക്തപ്പുഴയൊഴുകി ദയാനദി ചുമന്നിരിക്കാം. ചോരയുടെ മണം നൂറ്റാണ്ടുകളുടെ പ്രയാണം കഴുകിത്തുടച്ചിരിക്കാം. ഇവിടെയാണ് അശോകന്റെ കണ്ണുനീർ പതിച്ചത്... ആത്മസംഘർഷം, നെടുവീർപ്പുകൾ... ഒടുവിൽ മഹത്തായ ആ ദൃഢനിശ്ചയം... ലോകമെങ്ങും പരന്ന അഹിംസയുടെ മഹാമന്ത്രണം. മനസ്സ് ചരിത്ര വഴികളിലൂടെ പിന്നോട്ട് സഞ്ചരിക്കുകയായിരുന്നു.

ഉള്ളിൽ ശാന്തിയുടെ ഒരു കുളിർ കാറ്റ് വീശുന്നത് പോലെ... മദമാത്സര്യ ലോഭങ്ങൾ ദയാനദിയിലൊഴുക്കി ധൗളിക്കുന്ന് ശാന്തിമന്ത്രം മുഴക്കുന്നു. ഇവിടെയാണ് വിശ്വ ശാന്തി സ്മാരകം സ്ഥിതിചെയ്യുന്നത്. 1950-കളിൽ ജപ്പാനിലെ ഫുജി ഗുരുവിന്റെ അനുയായികളാണ് മനോഹരമായ ഈ പഗോഡ സ്ഥാപിച്ചത്. പഗോഡയുടെ മകുടത്തിൽ സ്ഥാപിച്ച 5 കുടകൾ ബുദ്ധ ധർമ്മത്തിലെ 5 ദർശനങ്ങളെ സൂചിപ്പിക്കുന്നു. വെണ്ണക്കല്ലിൽ തീർത്ത ശ്രീബുദ്ധൻ താഴ്‌വരയിലേക്ക് നോക്കി ധ്യാനനിമഗ്നനാകുന്നു. ആർത്തിയോടെ വെട്ടിപ്പിടിച്ചതെല്ലാം ഉപേക്ഷിച്ച് ആന്തരികമായ ശാന്തി തേടിയുള്ള അന്വേഷണം ഇവിടെ തുടങ്ങുന്നു...

അശോകന്റെ ശിലാലിഖിതങ്ങളിൽ ചിലത് ഇവിടെ സംരക്ഷിച്ചിട്ടുണ്ട്. കല്ലിൽ തീർത്ത ആനയുടെ അപൂർണ ശിൽപ്പവും അശോക കാലഘട്ടത്തിലേതാണ്.

താഴ്‌വരകൾക്കപ്പുറത്തെ മണൽത്തിട്ടകളിൽ അസ്തമയ സൂര്യൻ വർണ്ണം വാരി വിതറുന്നു. ധൗളിക്കുന്നിറങ്ങുകയാണ്... ശാന്തിയുടെ ഈ നിത്യ സ്മാരകത്തോട് വിട ചൊല്ലുമ്പോൾ മനസ്സിൽ ബുദ്ധ മന്ത്രങ്ങൾ നിറയുന്നതുപോലെ.





ചെറുകഥ

# ഏഴാമത്തെ നില

താമസിക്കാൻ ഒരു കൊച്ചു വീടു വേണമെന്നു പറഞ്ഞപ്പോൾ നകുലനാണ് ഫ്ളാറ്റിനെക്കുറിച്ച് ആലോചിക്കാൻ പറഞ്ഞത്. പിന്നീടൊരു ആലോചന വേണ്ടി വന്നില്ല ഒറ്റയ്ക്കല്ലേയുള്ളു അതു മതിയാകും. ഓഫീസിനടുത്തായതുകൊണ്ട് കൂടുതൽ സൗകര്യമായി. കുറച്ചു ദിവസമേ ആയിട്ടുള്ളുവെങ്കിലും ഫ്ളാറ്റിലെ പലരുമായും പെട്ടെന്നുതന്നെ പരിചയത്തിലായി. എങ്കിലും എന്തോ ഒന്നു അയാളെ അലട്ടിക്കൊണ്ടിരുന്നു. നാട്ടിലെ വീടും പറമ്പും അമ്മയും ഒക്കെ മനസ്സിൽ ഇങ്ങനെ ഇടയ്ക്കിടെ കടന്നു വരും. ഓഫീസിൽ നിന്നു വന്നാൽ എന്തെങ്കിലും വായിച്ചിരിക്കും. അതുമല്ലെങ്കിൽ ഏഴാമത്തെ നിലയിൽ നിന്നു താഴോട്ട് നോക്കിയിരിക്കും. റോഡിന്റെ ഇരുവശവും നിറഞ്ഞൊഴുകുന്ന ജനങ്ങളെ കാണാം. വാനോളം ഉയർന്ന കെട്ടിടങ്ങൾക്കിടയിൽ പൊട്ടുപോലെ കൊച്ചു കൊച്ചു കെട്ടിടങ്ങൾ അങ്ങനെ ഓരോന്നും നോക്കിയിരിക്കും. ഒഴുകുന്ന വാഹനങ്ങൾക്കിടയിൽ ഇടക്കിടെ കൊച്ചു കുട്ടികൾ സൈക്കിൾ ചവിട്ടി പോകുന്നത് കണ്ടപ്പോൾ ഉള്ളൊന്നു പിടഞ്ഞു. പണ്ടെങ്ങോ സൈക്കിളിൽ നിന്നു വീണ ഓർമ്മയിൽ നെഞ്ചൊന്നു കാളി.



**ഷൂജ കെ.**
(ഇൻഫർമേഷൻ അസിസ്റ്റന്റ്)

''ഇവിടെ ആരും ഇല്ലേ?''

ഒട്ടും പ്രതീക്ഷിക്കാതെ കേട്ട സ്ത്രീശബ്ദത്തിന്റെ ഉടമയെ തിരിച്ചറിഞ്ഞപ്പോൾ അമ്പരന്നു പോയി!

''ഹേമ!''

''നീയെങ്ങനെ ഇവിടെയെത്തി ഹേമ?''

സന്തോഷമാണോ നിസംഗതയാണോ തന്റെ മുഖത്ത് തെളിഞ്ഞു നിന്നതെന്നു അപ്പോൾ അയാൾക്ക് തിട്ടമല്ലായിരുന്നു. ഹേമയും അത്ഭുതം കൊണ്ടു കുറച്ചു നിമിഷം ഒന്നും സംസാരിച്ചില്ല. അപ്പോഴാണ് ഡോർ ഞാൻ കുറ്റിയിട്ടില്ലായിരുന്നുവെന്ന് മനസ്സിലായത്. ഒടുവിൽ അവൾ തുടങ്ങി വച്ചു. ഞാൻ ഇതിന്റെ താഴത്തെ നിലയിലാണ്. നകുലേട്ടൻ കഴിഞ്ഞ ദിവസം ഓഫീസിൽ സ്ഥലം മാറിവന്ന ആളിനെ കുറിച്ച് പറഞ്ഞപ്പോൾ അതു താനാണെന്നു കരുതിയില്ല. എപ്പോഴും എന്തിനെകുറിച്ചെങ്കിലും വാചാലനാകുന്ന നാസറിനെ എനിക്കറിയാം. എന്നാൽ ആരോടും അധികം മിണ്ടാത്ത പ്രകൃതമാണെന്ന് പറഞ്ഞപ്പോൾ മറ്റാരോ ആണെന്നു കരുതി. നാട്ടുകാരനാണെന്നു പറഞ്ഞപ്പോൾ ഒന്നു പരിചയപ്പെടാമെന്നു കരുതിയാണ് വന്നത്. ഭൂമിക്കു താഴെയുള്ള എന്തും നമ്മൾ ചർച്ചചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. ഓർമ്മയുണ്ടോ?'' പുഞ്ചിരിച്ചുവെങ്കിലും അയാളൊന്നും മിണ്ടിയില്ല.

''ഇന്നു ലീവാണോ?''

''അതെ.''

റോഡിൽ തിരക്കു കൂടിയിരിക്കുന്നു. ഓഫീസ് വിടുന്ന സമയമായെന്നു തോന്നുന്നു. ഉന്തുവണ്ടിയിൽ കച്ചവടക്കാർ പച്ചക്കറിയുമായി മെല്ലെ ഇഴഞ്ഞു നീങ്ങുന്നു. അങ്ങ് ദൂരെ സ്ത്രീകൾ മത്സ്യം വിൽക്കുന്നതിനു ചുറ്റും നല്ല തിരക്കുണ്ട്. ഹേമയെ കുറിച്ച് എന്തെങ്കിലും ചോദിക്കണമെന്നുണ്ട്. പക്ഷെ നാവ് കെട്ടിയിട്ടത് പോലെ.

''കൊഞ്ചം പൂവ് വാങ്ക് സാർ... ഇന്ത പൂവ് ഉങ്കളോടെ അഴകാന വൈഫ്ക്ക് റൊമ്പ പുടിക്കും''

വാതിൽക്കൽ പൂവ് വിൽക്കാൻ വന്ന തമിഴത്തി പെണ്ണ് കെഞ്ചികൊണ്ടിരുന്നു.

''വേണ്ട... പൊയ്ക്കോ..''

അവൾ വീണ്ടും കെഞ്ചികൊണ്ട് അവിടെ തന്നെ നിന്നു.

''കൊളന്തയ്ക്കു ദീനമാർക്ക് സർ''

''വേണ്ടന്നല്ലേ പറഞ്ഞത്...''

അല്പം ദേഷ്യത്തോടെ അയാൾ വീണ്ടും പറഞ്ഞപ്പോൾ വിഷമത്തോടെ അവൾ പൂവും കൊണ്ട് പടിയിറങ്ങി.

''അത്രയും വേണ്ടായിരുന്നു'' ഹേമ അയാളെ നോക്കി പറഞ്ഞു. അയാൾക്കും അല്പം കൂടി പോയെന്നു തോന്നി.

''പിന്നെ ഞാൻ എന്താ പറയേണ്ടേ ആർക്കാ പൂവ് വാങ്ങേണ്ടേ...'' പിന്നെ രണ്ടു പേരും ആ വിഷയം അവസാനിപ്പിച്ചു. എന്നാൽ നാസറിന്റെ സംശയങ്ങൾ കൂടികൊണ്ടേയിരുന്നു.

നകുലന്റെ ഭാര്യയാണോ ഹേമ? പിന്നെ അദ്ദേഹത്തോടൊപ്പം സ്ഥിരം കാണുന്ന സ്ത്രീ ആരാണ്? ശരിക്കും ഇവർ വഞ്ചിക്കപ്പെടുകയല്ലേ? അയാളോട് ആദ്യമായി വെറുപ്പ് തോന്നി! ഇവിടെ വരേണ്ടതില്ലായിരുന്നു. സംസാരത്തിലോ കാഴ്ച്ചയിലോ അദ്ദേഹത്തെ കുറിച്ച് മോശമായി ഒന്നും തോന്നിയിട്ടുമില്ല. അയാൾ തന്നെ ശ്രദ്ധിക്കുന്നതേയില്ലെന്ന് മനസിലാക്കിയപ്പോൾ ഹേമ വിഷയം മാറ്റി.

''ഭക്ഷണം എങ്ങനെ?''

''പുറത്തു നിന്നാണ് രണ്ടു ദിവസമായി കഴിക്കണത്. കുറിച്ചു പാത്രങ്ങളും മറ്റും വാങ്ങണം. പിന്നെ തനിയെ തയ്യാറാക്കാം എന്നു വിചാരിക്കുന്നു'' ഒന്നു പുഞ്ചിരിച്ചു കൊണ്ട് അയാൾ മറുപടി പറഞ്ഞു.

''ഞാൻ ചായയെടുക്കാം''


''വേണ്ട'' താനെടുക്കാമെന്ന് പറഞ്ഞു അനുവാദത്തിനു കാത്തു നിൽക്കാതെ അവൾ അടുക്കളയിൽ കയറി.

''മാഷേ ചായപ്പൊടിയൊന്നു കാട്ടി തരാമോ?'' അടുക്കും ചിട്ടയുമില്ലാതെ കിടന്ന അടുക്കളയിൽ ഒന്നു കണ്ണോടിച്ചു കൊണ്ടു അവൾ വിളിച്ചു ചോദിച്ചു. പിന്നെ അവൾക്കൊപ്പം അയാളും കൂടി ചായയുണ്ടാക്കി വീണ്ടും പുറത്തു വന്നിരുന്നു.

''കുടുംബം?'' അവൾ ചായ ചുണ്ടോടടുപ്പിച്ചു തെല്ലു സങ്കോചത്തോടെ അയാളോട് ചോദിച്ചു.

''ഇല്ല.'' ഒറ്റവാക്കിൽ ഉത്തരം നൽകി അയാൾ എഴുന്നേറ്റു.

''എനിക്കൊന്നു പുറത്തു പോകണം ഹേമ'' സംഭാഷണം പാതിവഴിയിൽ ഉപേക്ഷിക്കുമ്പോൾ ഹേമയ്ക്കു സ്വയം ലജ്ജ തോന്നി. തന്നെ മന:പൂർവ്വം ഒഴിവാക്കുന്നു



വെന്ന ബോധ്യത്താൽ യാത്ര പോലും പറയാതെ അവൾ മുറിവി ട്ടിറങ്ങി..

വേണ്ടിയിരുന്നില്ല. താൻ അല്പം ക്രൂരമായി പൊരുമാറിയെന്ന് നാസറിന് തോന്നി. ഒരിക്കൽ അവൾ എന്റെ എല്ലാമായിരുന്നി ല്ലേ? പിരിയില്ലെന്നു വാക്കു തന്നു കടലിന്റെ തിരമാലകൾ എണ്ണി, ഐസ്ക്രീംനുണഞ്ഞും, മഴന നഞ്ഞും ജീവിതത്തിന്റെ പടവു കൾ എണ്ണി തീർത്തവർ. പിന്നെ യെപ്പോഴോ സമുദായത്തിന്റെ പേരിൽ രണ്ടായി പിരിഞ്ഞവർ. വീട്ടുകാരെ എതിർക്കാൻ കഴിയാ തെ പോയവൾ!

ജാതിയുടെയും മതത്തിന്റെയും അതിർവരമ്പുകൾ ഭേദിച്ചുകൊണ്ടു പ്രസംഗത്തിന്റെ അഗ്നികൾ കൊണ്ടു കോളേജ് ക്യാമ്പസ് കയ്യി ലെടുക്കുമ്പോൾ പിന്നിലൊരു പ്രചോദനം അവളായിരുന്നു. വായിച്ചും എഴുതിയും നന്മയും തിന്മയും ചർച്ച ചെയ്തു എല്ലാവ രെയും അസൂയാലുക്കളായി മാറ്റി യവർ. ഓർക്കേണ്ടന്നു പലയാവർ ത്തി മനസിനോട് പറഞ്ഞതാണ്. വീണ്ടും തികട്ടിവരുന്നു അനുസര ണയില്ലാതെ.

പുറത്തു ഇരുട്ട് പരന്നിരിക്കുന്നു.

കോളിങ് ബെൽ ശബ്ദിച്ചു, ഡോർ തുറന്നപ്പോൾ നകുലൻ. ദേഷ്യ മാണ് തോന്നിയത്!

''എന്തെ ഇന്നു ഒന്നും കഴിക്കണ്ടേ? മൂഡ് ശരിയല്ലെന്നു തോന്നുന്നു? പനിയുണ്ടോ?''

''ഇല്ല നകുലൻ, പുതിയ സ്ഥല മല്ലേ ഒന്നും അങ്ങോട്ട് പൊരുത്ത പ്പെടുന്നില്ല.''

ഹേമ ഇവിടെ വന്നതും മറ്റും ഇയാൾ അറിഞ്ഞു കാണില്ലേ? എന്നെ തെറ്റിദ്ധരിക്കുമോ? എന്ന ചിന്തയാൽ അയാൾ ഒന്നു പതറി.

''സാരമില്ല ഇന്നു പുറത്തു പോക ണ്ട ഞാൻ ഭക്ഷണം എത്തിക്കാം.''

''വേണ്ട. ഞാൻ പുറത്തു പോയി കഴിക്കുന്നുണ്ട്.''

''ശരി ആയിക്കോട്ടെ ഞാൻ ഇറങ്ങുന്നു.''

പിറ്റേദിവസം ഓഫീസിൽ വച്ചു നകുലനെ കണ്ടപ്പോൾ ഒഴിഞ്ഞു മാറാൻ തിടുക്കമായിരുന്നു. ഉള്ളിൽ ഹേമയായിരുന്നു....അവൾക്കെ ങ്ങനെ ഇങ്ങനെ ഒരാളോട് പൊരു ത്തപ്പെടാൻ കഴിയുന്നു. ദുഷ്ടൻ! ഇത്രയും പരസ്യമായി മറ്റൊരു സ്ത്രീയുമായി ഷോപ്പിങ്ങിനു പോ വുക, ബീച്ചിൽ പോവുക, ഒരേ വാഹനത്തിൽ സഞ്ചരിക്കുക. ഓർക്കുമ്പോൾ ഭ്രാന്ത് പിടിക്കു ന്നത് പോലെ...

''എന്താ നാസർ ഇത്ര ചിന്തിക്കാൻ ആള് ഇവിടെയെങ്ങും ഇല്ലല്ലോ! നാട്ടിലാണോ?'' നകുലൻ വിടാൻ ഭാവമില്ല.

''പിന്നെ ഞാനൊരു കാര്യം പറ യാൻ വിട്ടുപോയി. ഇന്നു വൈകു ന്നേരം ഇയാൾക്ക് ഞങ്ങളോടൊ പ്പമാണ് ഭക്ഷണം. വൈഫ് കുറച്ചു ദിവസമായി പറയുന്നു ഒന്നു കൂട്ടി വരാൻ. ഒരേ ഫ്ളാറ്റിൽ താമസി ച്ചിട്ടും നാസറിനെ ക്ഷണിക്കാൻ കഴിഞ്ഞില്ല.''

എല്ലാം എന്നോ ഒരിക്കൽ ഉപേക്ഷി ച്ചതാണ്. ഇവിടെ വന്നതോടു കൂടി എല്ലാവരും ചേർന്ന് എല്ലാം ഒരിക്കൽ കൂടി വലിച്ചു പുറത്തിട്ടി രിക്കുന്നു....

ഹേമയ്ക്ക് ഇതെല്ലാം ബുദ്ധിമുട്ടാ കില്ലേ? പിന്നെയെന്തിനാണ് എന്നെ ഇങ്ങനെ ധർമ്മസങ്കടത്തിലാക്കു ന്നത്?

എന്തായാലും നകുലൻ ഒന്നും അറിഞ്ഞ ലക്ഷണമില്ല.

''എന്താ വരില്ലേ.''

''വരാം'' പെട്ടെന്ന് പറഞ്ഞു.

വീട്ടിലെത്തിയപ്പോൾ സമയം ആറ് കഴിഞ്ഞു ഓഫീസിൽ നല്ല തിര ക്കായിരുന്നു.

സെൽഫോൺ റിങ് ചെയ്തപ്പോൾ തോന്നി അത് നകുലൻ ആയിരി ക്കുമെന്ന്. ഊഹം തെറ്റിയില്ല.

''ഞാൻ ഇതാ വരുന്നു.'' വേഗം കുളികഴിഞ്ഞു പുറത്തിറങ്ങി. മനസ് അസ്വസ്ഥമായിരുന്നു. ഹേമയെ എങ്ങനെ അഭിമുഖീകരിക്കും എന്ന ചിന്തയാൽ കോളിങ്ങ് ബെൽ അമർത്തി ശ്വാസം പിടിച്ചു നിന്നു.

പെട്ടെന്ന് തന്നെ കതക് മലർക്കേ തുറന്നു. കുനിഞ്ഞ ശിരസുയർ ത്തിയ നിസാർ അന്തംവിട്ടു നിന്നു. കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. നകുലനോടൊപ്പം കണ്ടിരുന്ന ആ സ്ത്രീ!

അവർ ചിരിച്ചു കൊണ്ട് മുന്നിൽ.

''എന്താടോ ഒരു നിൽപ്പ് നിൽക്ക ണേ? കയറി വരൂ'' നകുലൻ ക്ഷണിച്ചു.

പെട്ടെന്ന് ഹേമയിറങ്ങി വന്നു.

''നാസറിന് ഇവളെ മനസ്സിലായോ? ഇതെന്റെ ഒരേയൊരു സഹോദരി.

ഇഷ്ടമില്ലാത്ത വിവാഹത്തിന് നിർ ബന്ധിച്ചപ്പോൾ വീടുവിട്ടിറങ്ങി. അന്നുമുതൽ പിന്നെ എന്നോടൊ പ്പമാണ്.''

ഭൂമി രണ്ടായി പിളരുന്നു... കാലു കൾ ഉറയ്ക്കുന്നില്ല...

ഞാൻ എന്തൊക്കെയാണ് ചിന്തി ച്ചത്? നകുലനെ തെറ്റിധരിച്ചതിൽ കുറ്റബോധം തോന്നി.

ഒന്നും മിണ്ടാതെ നിന്ന ഹേമയെ നോക്കി നകുലൻ പറഞ്ഞു, ''ഇന്നലെയാണ് ഹേമ നാസറിനെ കുറിച്ച് പറഞ്ഞത്. ഞാനും കരുതി ഒരു സർപ്രൈസ് ആയിക്കോട്ടെ യെന്ന്.'' അവർക്കൊപ്പം ഭക്ഷണം കഴിക്കുമ്പോൾ അയാൾ ഹേമയെ നിരീക്ഷിക്കുകയായിരുന്നു. ഒന്നും സംഭവിക്കാത്ത മട്ടിൽ അവൾ ഭക്ഷണം വിളമ്പിക്കൊണ്ടിരുന്നു. അയാൾക്കും എങ്ങനെയെങ്കിലും അവിടെ നിന്നും രക്ഷപ്പെടണം എന്നു തോന്നിപോയി.

തിരിച്ചു മുറിയിലെത്തുമ്പോൾ സമയം ഏറെ വൈകിയിരുന്നു. എന്തോ ഭാരം ഇറക്കി വച്ചതു പോലെ അയാൾ അന്നു നന്നായി ഉറങ്ങി. പുലർച്ചെ കോളിങ് ബെൽ ശബ്ദിച്ചപ്പോഴാണ് ഉണർന്നത്.

ഡോർ തുറന്നപ്പോൾ പൂക്കാരി തമിഴത്തി പെൺകുട്ടി.

''ഒറു മൊളം പൂവ് വാങ്ക് സർ''

അയാൾ അന്നു സന്തോഷത്തോടെ പൂവ് വാങ്ങി അവൾക്കും സന്തോ ഷമായി

''കൊളന്തയ്ക്ക് എങ്ങനെ''?

''നല്ലാർക്ക് സർ''

അവൾ ചിരിച്ചു കൊണ്ടു കുറച്ചു പൂവുകൂടി വച്ചു നീട്ടി,

''ഇതു ചേച്ചിക്ക് കൊടുക്കണം സർ.''അവൾ ചിരിച്ചപ്പോൾ അയാളും അതിൽ

പങ്കുചേർന്നു...



# മൃത്യുഞ്ജയം

തോളിൽ ഭാണ്ഡം കൂടുമ്പോൾ
അതറിയാൻ വഴികൾ തിരയുമ്പോൾ
കൊയ്യാൻ ശത്രു വിതയ്ക്കും കെണികൾ
വിധിയാണെന്നു കരുതേണ്ട.

മാറു ചുരത്തും മുലപ്പാലെല്ലാം,
കുഞ്ഞിൻ ചുണ്ടുകൾ നനയാനെന്നും ആവേണ്ട.
അവളുടെ ഇംഗിത രോമാഞ്ചങ്ങൾ-കൃഷ്ണനു
വിഷമയമായി ദ്വാപരയിൽ.

അന്നമൃതു പഠിച്ചവർ ഇരു കൂട്ടർ,
രുചിച്ചുനോക്കിയതൊരു കൂട്ടർ.
വിഭ്രമസഞ്ചിത സമൂഹമധ്യേ -ഇന്നു
വെളുത്തു കറുപ്പതും ഒരുപോലെ.

നന്മയ്ക്കായവ ലാക്കാക്കി,
പാരമ്പര്യ-സമത്വങ്ങൾ.
കാളകൂടവിഷപ്പുകകൾ
നീക്കിവച്ചതിഗൂഢമായി തലമുറയിൽ.

വാഴ്വുകൾ രണ്ടായ് ധരണിയിലിന്നു,
വിലസുന്നധികം മികവോടെ.
വ്യക്തികൾ-യുക്തികൾ ചികഞ്ഞു പെറുക്കി,
സമസ്യകൾ തീർത്തു ഊരുകളിൽ,
കൈതാങ്ങെന്ന കുറിപ്പോടെ.

എങ്ങോ!
കൈകൾ ചങ്ങല താങ്ങുമ്പോൾ,
ഒരു നാവുണ്ടു ബലത്തോടെ.



**പ്രീത സി. എസ്.**
(ഓഫീസ് സൂപ്രണ്ട്)



# രാത്രി മഴ

എന്തോ പറഞ്ഞും ചിരിച്ചും കളിച്ചും
ഒരില പൊഴിയും ലാഘവത്തോടെ
വന്നെന്നരികിലെത്തി
കുളിർകോരിയണിയിച്ചപ്പോൾ
നിദ്രയെ മറന്നാരാവിൽ
ഞാനൊപ്പമിരുന്നത്
നിന്നെ അറിയുന്നതുകൊണ്ടാണെന്നറിയുമോ സഖീ?


നക്ഷത്രങ്ങളും അമ്പിളിതിലകവും
ആകാശക്കോണിലോടിയൊളിച്ച നേരം
ശോകാർദ്രമാം നിന്നിലെ സംഗീതമെൻ
അകതാരിൽ ഓളങ്ങൾ തീർത്തുവല്ലോ.

മിന്നാമിന്നികൾ വെട്ടമൊരുക്കിയ രാവിൽ
കണ്ടു നിൻ രോഷവും തേങ്ങിക്കരച്ചിലും
അഗ്നി ജ്വാലകൾ നിൻ മിഴികളിൽ നിന്നൂറിയിറങ്ങി
കരുത്തോടെയൊഴുകിയില്ലാതെയായി.

സഖീ, പുലരിയിൽ നിൻ മുഖം മിനുക്കി
പുടവയുടുത്തു
സീമന്തരേഖയിൽ സൂര്യതിലകം ചാർത്തി
നാണത്തിൻ കിരീടം ചൂടിനിന്നപ്പോൾ
നിന്റെ നാട്യം ഞാനറിയുന്നു സഖീ,
ഇനിയും പെയ്തിറങ്ങാനുള്ള നിന്റെ കാത്തിരിപ്പ്.

**ഷാജി ഹാരിസ്**
(സെലക്ഷൻ ഗ്രേഡ്
കമ്പ്യൂട്ടർ അസിസ്റ്റന്റ്)





**വേണുഗോപാൽ ആർ.**
(സെക്ഷൻ ഓഫീസർ ഹ. ഗ്രേ.)


# ചന്ദ്രൻ: മനുഷ്യസന്ദർശനവും മുന്നേറ്റങ്ങളും

ആദ്യമായി ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രനിൽ മനുഷ്യസ്പർശം ഉണ്ടായത് 1969 ജൂലൈ 21 നു ആയിരുന്നു. Saturn V SA-506 റോക്കറ്റിന്റെ സഹായത്തോടെ 1969 ജൂലൈ 16 നു വിക്ഷേപിച്ച Columbia എന്ന Command and Service Module, Eagle എന്ന Lunar Module എന്നിവയുൾക്കൊള്ളുന്ന ബഹിരാകാശ വാഹനത്തിലായിരുന്നു അമേരിക്കൻ ശാസ്ത്രജ്ഞൻമാരായ Neil A. Armstrong, Edwin E. Aldrin Jr., Michael Collins എന്നിവർ ചന്ദ്രനിലേക്ക് യാത്ര തിരിച്ചത്.

മൂന്ന് ദിവസം നീണ്ട യാത്രയ്ക്ക് ശേഷം ജൂലായ് 19നു ചന്ദ്രന്റെ ഭ്രമണപഥത്തിലെത്തുകയും മാതൃപേടകമായ കൊളംബിയയിൽ നിന്നും വേർപെട്ട് Eagle Lander ജൂലായ് 21നു ചന്ദ്രോപരിതലത്തിൽ ഇറങ്ങുകയും ചെയ്തു. പേടകം നിലയുറപ്പിച്ച ആറു മണിക്കൂറും 39 മിനുട്ടുകൾക്കും ശേഷം Neil A. Armstrong ചന്ദ്രോപരിതലത്തിൽ കാൽ കുത്തി. അതിനു ശേഷമാണു A small step for man, but a giant leap for mankind എന്ന ലോകപ്രസിദ്ധമായ വാചകം ആംസ്ട്രോങ് പറഞ്ഞത്. ആദ്യമായി മനുഷ്യൻ ഇറങ്ങിയ ആ പ്രദേശത്തെ Sea of Tranquility എന്ന് ആംസ്ട്രോങ് വിശേഷിപ്പിക്കുകയും ചെയ്തു. 19 മിനിറ്റുകൾക്ക് ശേഷം Aldrinനും ചന്ദ്രനിൽ ഇറങ്ങുകയും 21 കിലോയോളം പാറകളും മണ്ണും ശേഖരിക്കുകയും ചെയ്തു. ഈ സമയമെല്ലാം Michael Collins മാതൃ പേടകമായ കൊളംബിയ നിയന്ത്രിച്ചു കൊണ്ട് ചന്ദ്രനെ ചുറ്റുകയായിരുന്നു. ദൗത്യത്തിൽ പങ്കാളികളായ മൂന്ന് ശാസ്ത്രജ്ഞരിൽ ആംസ്ട്രോങിനും ആൽഡ്രിനും മാത്രമായിരുന്നു ചന്ദ്രനിൽ ഇറങ്ങി സഞ്ചരിക്കാനുള്ള ഭാഗ്യം സിദ്ധിച്ചത്.



ആംസ്ട്രോങും ആൽഡ്രിനും രണ്ടര മണിക്കൂർ നേരം കൊണ്ട് ഏകദേശം ഒരു കിലോമീറ്റർ ദൂരം ചന്ദ്രനിൽ നടക്കുകയും ചന്ദ്രനിൽ പതിക്കുന്ന സൗരവികിരണങ്ങളുടെയും ചന്ദ്രകമ്പത്തിന്റെയും (Moon Quake) തീവ്രത വിവിധ ഉപകരണങ്ങൾ ഉപയോഗിച്ച് അളക്കുകയും ചെയ്തു. Apollo 11 ദൗത്യത്തിന് മുൻപും അതിനു ശേഷവുമുള്ള ദൗത്യങ്ങളിൽ സ്ഥാപിച്ച അമേരിക്കൻ ദേശീയ പതാകകളിൽ 3 പതാകകൾ ഇപ്പോഴും ചന്ദ്രോപരിതലത്തിൽ നിലനിൽക്കുന്നുണ്ട്.



വിവിധ പരീക്ഷണങ്ങൾക്കു ശേഷം ആംസ്ട്രോങ്ങും ആൽഡ്രിനും തിരികെ Lander Module ആയ Eagleൽ പ്രവേശിക്കുകയും പ്രസ്തുത വാഹനം ഉയർന്നു പൊങ്ങി Michael Collinsന്റെ നിയന്ത്രണത്തിൽ ചന്ദ്രനെ വലംവച്ചു കൊണ്ടിരുന്ന Command and Service Module ആയ Columbiaയുമായി സന്ധിക്കുകയും ഭൂമിയിലേയ്ക്ക് മടക്കയാത്ര ആരംഭിക്കുകയും ചെയ്തു. 8 ദിവസവും 3 മണിക്കൂറും, 18 മിനിട്ടും 35 സെക്കൻഡും നീണ്ടു നിന്ന Apollo 11 ദൗത്യം മനുഷ്യരാശിയുടെ ബഹിരാകാശ ശാസ്ത്ര രംഗത്തെ കുതിച്ചുചാട്ടം തന്നെയായിരുന്നു. ആകെ 14 Apollo ചാന്ദ്ര പര്യവേക്ഷണ ദൗത്യങ്ങളാണ് NASA നടത്തിയിട്ടുള്ളത്. അതിൽ പതിനൊന്നാമത്തെ ദൗത്യമാണ് മനുഷ്യനെ ആദ്യമായി ചന്ദ്രനിലെത്തിച്ചത്. Apollo 2, 3 ദൗത്യങ്ങൾ നടന്നിട്ടില്ല. Apollo 1 ദൗത്യം Launch Padലെ അഗ്നിബാധയിൽ യാത്രികരോടൊപ്പം ദുരന്തത്തിൽ കലാശിക്കുകയായിരുന്നു. പതിമൂന്നാമത്തെ ദൗത്യവും ചന്ദ്രന്റെ ഭ്രമണപഥത്തിലൂടെയുള്ള യാത്രാമദ്ധ്യേ ഓക്സിജൻ ടാങ്കിലെ ചോർച്ച കാരണം പരാജയപ്പെട്ടെങ്കിലും യാത്രികർ സുരക്ഷിതമായി തിരിച്ചെത്തിയിരുന്നു. 1972 ഡിസംബർ 7 മുതൽ 19 വരെ നടത്തിയ അവസാന ദൗത്യമായ Apolo 17 ലെ യാത്രികരായിരുന്ന Eugene Cernan, Harrison Schmitt എന്നിവർ ഉൾപ്പെടെ ആകെ 12 ശാസ്ത്രജ്ഞന്മാർ ചന്ദ്രനിൽ ഇറങ്ങിയിട്ടുണ്ട്. 1972നു ശേഷം നീണ്ട ഒരു കാലയളവിൽ മനുഷ്യസഹിത ചാന്ദ്ര ദൗത്യങ്ങൾ നടന്നിട്ടില്ല. പിന്നീട് 2000ത്തിനു ശേഷം അമേരിക്ക, യൂറോപ്യൻ സ്പേസ് ഏജൻസി, ജപ്പാൻ, ചൈന എന്നീ രാജ്യങ്ങൾ ഈ രംഗത്തു സജീവമായി. 2008-ൽ ISRO വിക്ഷേപിച്ച ചന്ദ്രയാൻ 1 പേടകത്തിലെ ഓർബിറ്റർ ചന്ദ്രനിലെ ജലസാന്നിധ്യം കണ്ടെത്തുകയും Moon Impact Probe ദക്ഷിണ ധ്രുവത്തിൽ ഇറക്കുകയും ചെയ്തിരുന്നു. എന്നാൽ 22.07.2019-ൽ വിക്ഷേപിച്ച ചന്ദ്രയാൻ 2ൽ Orbiter, Lander, Rover എന്നീ മോഡ്യൂളുകൾ ഉണ്ടായിരുന്നുവെങ്കിലും 07.09.2019ന് Lander അവസാന നിമിഷങ്ങളിൽ ഇടിച്ചിറങ്ങി തകരുകയായിരുന്നു. എന്നാൽ ISRO 2023 ജൂലൈ 14നു വിക്ഷേപിച്ച Propulsion Module, Vikram Lander, Pragyaan Rover എന്നിവയടങ്ങുന്ന ചന്ദ്രയാൻ 3 പര്യവേക്ഷണ വാഹനം ആഗസ്റ്റ് 23നു ഇന്ത്യൻ സമയം വൈകിട്ട് 6.04നു ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ സുരക്ഷിതമായി ഇറങ്ങി. ഭീമ ഗർത്തങ്ങളായ Manzinus, Simpelius എന്നിവയുടെ ഇടയിലായി നിശ്ചിത സ്ഥലത്തിന് 300 മീറ്റർ അകലെയുള്ള സുരക്ഷിത സ്ഥാനം സ്വയം നിർണയിച്ച ശേഷമാണ് വാഹനം ഇറങ്ങിയത്. ചന്ദ്രനിലെ ഒരു പകൽ 14 ഭൗമ ദിനങ്ങൾ ആയതിനാൽ ദക്ഷിണ ധ്രുവത്തിൽ പന്ത്രണ്ടാം ദിവസത്തോടെ സൂര്യപ്രകാശം മങ്ങാൻ തുടങ്ങുകയും ശീതനിദ്രയ്ക്കായി ലാൻഡറിനെയും റോവറിനെയും Sleep modeലേക്ക് മാറ്റുകയും ചെയ്തു. 22.09.2023നു ചന്ദ്രനിൽ അടുത്ത പകൽ ആരംഭിച്ചതിനാൽ ലാൻഡറും റോവറും വീണ്ടും പ്രവർത്തിപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ നൽകാൻ ബംഗളൂരുവിലെ ISTRAC നിലയം തീരുമാനിച്ചു. ഇതിനോടകം ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിലെ നിർണായക വിവരങ്ങൾ ഉൾപ്പെടെയുള്ള നിരവധി ചിത്രങ്ങളാണ് പ്രസ്തുത പേടകം ഭൂമിയിലേയ്ക്ക് അയച്ചത്. Sleep modeൽ ആകുന്നതിനു മുൻപ് റോവർ ചന്ദ്രോപരിതലത്തിൽ 100 മീറ്റർ സഞ്ചരിച്ചിരുന്നു. ഘനീഭവിച്ച ജലം, നിരവധി മൂലകങ്ങൾ, ലോഹങ്ങൾ, പ്ലാസ്മ തുടങ്ങിയവയുടെ സാന്നിദ്ധ്യം ലാൻഡർ കണ്ടെത്തുകയും ചന്ദ്രകമ്പം (Moon Quake) രേഖപ്പെടുത്തുകയും ചെയ്തു. നാസയുടെ അടുത്ത വർഷത്തെ Artemis ദൗത്യത്തിൽ ഒരു സംഘത്തെ ചന്ദ്രനെ ചുറ്റി വരാൻ വേണ്ടി അയയ്ക്കാനും തുടർന്നുള്ള ദൗത്യത്തിൽ ദക്ഷിണ ധ്രുവത്തിൽ ആദ്യമായി ഒരു വനിതാ ശാസ്ത്രജ്ഞയെ ഇറക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഭാവിയിൽ ചന്ദ്രനെ ഇടത്താവളമാക്കി കൊണ്ട് ഗോളാന്തര യാത്രകൾ നടത്താനുള്ള സാധ്യത ബഹിരാകാശ കേന്ദ്രങ്ങൾ മുന്നിൽ കാണുന്നു. ഇതു സാധ്യമാക്കാനായി നേരിടേണ്ട വൻ വെല്ലുവിളികളെ ആധുനിക സാങ്കേതിക വിദ്യയിലൂടെ മറികടക്കാനാവുമെന്നു ശാസ്ത്രലോകം പ്രതീക്ഷിക്കുന്നു.

# ഇന്ത്യൻ ജനാധിപത്യ പ്രക്രിയയിലെ സ്ത്രീ പങ്കാളിത്തം

2022ലെ ഭരണഭാഷാ വാരാഘോഷം ഉപന്യാസം മൂന്നാം സ്ഥാനം



**പ്രസാദ് വി.**
(ചീഫ് അമിനിറ്റീസ് അസിസ്റ്റന്റ്)

ലോകത്തിലെ തന്നെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. ഇന്ത്യൻ ജനാധിപത്യത്തിന്റെ നട്ടെല്ലായ ഭരണഘടനയിൽ സ്ത്രീ പങ്കാളിത്തവും തുല്യതയും എടുത്തു പറയുന്നുണ്ട്. ജനാധിപത്യ പ്രക്രിയയിൽ ഇപ്പോഴും പുരുഷാധിപത്യം കൊടികുത്തി വാഴുന്നു എന്നു പറയുന്നതിൽ തെല്ലും അതിശയോക്തി ഇല്ല. കാരണം ജനാധിപത്യത്തിന്റെ ശ്രീ കോവിലുകളായ പാർലമെന്റിലും നിയമസഭകളിലും 33% സംവരണം എന്നത് നിയമനിർമ്മാണത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നു.

ഇന്ദിരാ ഗാന്ധിയെപ്പോലെ സജീവമായ ജനാധിപത്യ പ്രക്രിയകളിൽ പങ്കുകൊണ്ട ധീരവനിതകൾ നമുക്ക് തുലോം കുറവാണ്. ആനി മസ്ക്രീൻ, സുശീല ഗോപാലൻ, അക്കമ്മ ചെറിയാൻ തുടങ്ങിയ വനിതകൾ ആശയാദർശങ്ങളുടെ സമര പോരാട്ട ഭൂമികളിലൂടെ തങ്ങളുടെ സ്വത്വം ഊട്ടിയുറപ്പിച്ചവരാണ്.

സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വരാൻ സ്ത്രീകൾ വൈമുഖ്യം കാട്ടിയിരുന്ന കാലത്ത് ഇവരെപ്പോലുള്ള ധീര പോരാളികൾ 'അടുക്കളയിൽ നിന്നും അരങ്ങത്തേക്ക്' ഉറച്ച ചുവടുകൾ വച്ചവരാണ്. ഇവരുടെ പാതകൾ പിന്തുടർന്ന് ഇന്ത്യയിലാകെ സ്ത്രീ ശാക്തീകരണത്തിന്റെയും സ്ത്രീ വിമോചനത്തിന്റെയും അനുരണനങ്ങൾ ഉണ്ടായി. തമിഴ്നാട്ടിൽ ജാനകിരാമചന്ദ്രനും അതിനു ശേഷം ജയലളിതയും ഡൽഹിയിൽ ഷീലാ ദീക്ഷിത്തും, ഉത്തർപ്രദേശിൽ മായാവതിയും പശ്ചിമബംഗാളിൽ മമതാ ബാനർജിയും കേരളത്തിൽ കെ.ആർ. ഗൗരിയമ്മയുമൊക്കെ ഇന്ത്യൻ ജനാധിപത്യത്തിന്റെ കാവൽ മാലാഖമാരായിരുന്നു.

പ്രതിഭാപാട്ടീലും ഇപ്പോൾ ദ്രൗപതി മുർമുവുമൊക്കെ രാഷ്ട്രപതി സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത് രാഷ്ട്രീയവും സാമൂഹികവുമായ നിരന്തര ഇടപെടലുകളിലൂടെയും അവിരാമമായ പ്രക്ഷോഭങ്ങളിലൂടെയുമായിരുന്നു.

അബലകളായും വീടാകുന്ന തട്ടിൽ കഴിയേണ്ടിവരുന്ന തത്തമ്മകളായുമൊക്കെ പണ്ട് കാലത്ത് കരുതിയിരുന്ന സമൂഹത്തിലെ സ്ത്രീകളാണ് ഇത്തരത്തിൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ ഉത്തംഗ ശൃംഗങ്ങളിൽ വിജയ പതാകപാറിച്ചെന്നത് അത്ഭുതാവഹമാണ്.

ഉയർന്ന ചിന്തയും ഉദാത്തമായ ആശയങ്ങളും കൊണ്ട് രാഷ്ട്ര പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കുവഹിക്കുകയും ദാരിദ്ര്യ നിർമ്മാർജനത്തിനു വേണ്ടിയുള്ള അക്ഷീണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്ത മഹത് വനിതയായിരുന്നു പ്രധാന മന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി. പാകിസ്ഥാനേയും ചൈനയേയും ഇന്ത്യൻ മണ്ണിലേക്ക് നിലയുറപ്പിക്കാൻ വിടാതെ അനവരതം പോരാടി ഭാരതത്തിന്റെ യശസ്സ് കാത്തുസൂക്ഷിച്ച സവിശേഷ പ്രതിഭയായിരുന്നു പ്രിയദർശിനി.

കേരളത്തിൽ ഭൂപരിഷ്കരണ നിയമം ഒന്നുകൊണ്ടുതന്നെ മുക്തകണ്ഠമായ പ്രശംസയ്ക്ക് പാത്രമായ വനിതാ വിപ്ലവകാരിയായിരുന്നു കെ. ആർ. ഗൗരിയമ്മ. നിശ്ചയ ദാർഢ്യവും തന്റേടവും സമം ചേർത്ത് ഭരണ ചക്രത്തിന്റെ തേർ തെളിക്കാൻ താൻ എന്തുകൊണ്ടും പ്രാപ്തയാണെന്നു തെളിയിച്ച മഹതി.

ജന്മം കൊണ്ട് വിദേശിയും കർമ്മം കൊണ്ട് സ്വദേശിയുമായിത്തീർന്ന സോണിയാഗാന്ധി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റ് ആയിത്തീർന്നത് ജനാധിപത്യത്തിൽ സ്ത്രീക്കും തങ്ങളുടേതായ പങ്കുവഹിക്കാനുണ്ട് എന്ന തിരിച്ചറിവോടെ തന്നെയാണ്.

ആനന്ദി ബെൻപട്ടേൽ ഗുജറാത്തിലും ജമ്മുകശ്മീരിൽ മെഹ്ബൂബ മുഫ്തിയും ഒക്കെ ജനാധിപത്യത്തിന്റെ കാവലാളായി മാറിയവരാണ്. വിദ്യാഭ്യാസവും ആരോഗ്യവും പ്രദാനം ചെയ്യാൻ വനിതാ ഭരണകർത്താക്കൾ കാണിച്ച ഔസ്തിക്യവും മമതയും ജനപ്രീതിയുടെ ഉത്തമ ഉദാഹരണമായി എടുത്തു കാണിക്കാൻ കഴിയും.

കേരളത്തിലെ ആരോഗ്യരംഗം ഒന്നാം സ്ഥാനത്തേക്ക് കുതിച്ചുയർന്നതിൽ നാം ആദരവോടെ നോക്കി കാണുന്ന വ്യക്തിത്വമാണ് കെ. കെ. ശൈലജ ടീച്ചറുടേത്. നിപ്പയിലും കൊറോണയിലും അകപ്പെട്ട് നട്ടം തിരിഞ്ഞിരുന്ന കേരള ജനതയെ ആരോഗ്യത്തോടെ കാത്തുസൂക്ഷിച്ച് 'കരുതലിൻ കൈകൾ' ഒരു വനിതയുടേതായിരുന്നു എന്നുള്ളത് കെ. കെ. ശൈലജടീച്ചറിന്റെ രാഷ്ട്രീയ ജീവിതത്തിലെ പൊൻതൂവലാണ്.

അടിച്ചമർത്തപ്പെടേണ്ട ഒരു ജനസമൂഹമല്ല സ്ത്രീകളുടേതെന്നും രാജ്യത്തിന്റെ ജനാധിപത്യം തങ്ങളിൽ ഭദ്രമായിരുക്കുമെന്നും വൃന്ദാകാരാട്ടിലൂടെ നമ്മൾ കണ്ടതാണ്. നിർമലാ സീതാരാമൻ തുടങ്ങി ആനി രാജ വരെയുള്ള സ്ത്രീരത്നങ്ങൾ ഇന്ത്യൻ ജനാധിപത്യത്തിന്റെ അമൂല്യമായ സാധ്യതകൾ ഇന്ത്യൻ ജനതയ്ക്കായി കാത്തു സൂക്ഷിക്കും എന്ന് പ്രത്യാശിക്കാം.

# മനസ്സ്

മാനസേവിളങ്ങിയ വിശ്വകർമ്മാവിൻ
പ്രതിബിംബം തല്ലിക്കെടുത്തിച്ച-
തിതെന്തിനോ...

പാലാഴി ആയിരുന്നൂ...
അനേകം വർണ്ണങ്ങളാൽ
ആലേഖനം ചെയ്തിരുന്നൂ...

ആദി മുതൽ അവസാനം വരെ
അങ്കിത മുദ്രണമായിരുന്നൂ...
ഹരിത പകർച്ചയുമുണ്ടായിരുന്നൂ...
ചിത്രവർണ്ണം കാണാതെയുമായ്...

മാനസ സരോവരം ചാലിട്ടൊ
ഴുകാതെയുമായി.





**പ്രമീളാത്തങ്കച്ചി വി. എസ്.**
(ഓഫീസ് സൂപ്രണ്ട്)



വായനക്കുറിപ്പ്



**സിൽവി സലീം**
(അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ)

# മുറിവേറ്റവരുടെ പാതകൾ - ഹരിത സാവിത്രി

2023 വായനദിനം – വായനക്കുറിപ്പ് മത്സരം – ഒന്നാം സ്ഥാനം

“Don't Judge A Book By Its Cover” പുസ്തകത്തിന്റെ കവർ നോക്കി പുസ്തകത്തെ വിലയിരുത്തരുത് എന്നു പറയാറുണ്ട്. പക്ഷെ പുസ്തകമേളയിലെ നിരവധി അനവധി പുസ്തകങ്ങൾക്കിടയിൽ ഈ പുസ്തകത്തിന്റെ ശീർഷകവും കവർ ചിത്രവും ആണ് പെട്ടെന്ന് ഇതിലേക്ക് ആകർഷിച്ചത്. ഗോതമ്പുപാടങ്ങളെയും സൂര്യകാന്തിപ്പൂക്കളെയും വരച്ച വിൻസെന്റ് വാൻഗോഗിന്റെ പെയിന്റിങ്ങുകളെ അനുസ്മരിപ്പിക്കുന്ന കവർ ചിത്രവും ശീർഷകവും പരസ്പര പൂരകങ്ങൾ ആയാണ് എനിക്ക് തോന്നിയത്.

യൂറോപ്പിന്റെ അജ്ഞാതമായ ദേശങ്ങളിലെ ലാവണ്ടറുകൾ പൂത്തു നിൽക്കുന്ന ഗ്രാമവഴികളിലൂടെ യാത്ര പോകുന്ന ഹരിത സാവിത്രിയുടെ ഈ പുസ്തകം മലയാള വായനക്കാരന് നൽകുന്നത് പുതുമകൾ നിറഞ്ഞ അനുഭൂതികളാണ്. ഓരോ അധ്യായവും മനോഹരവും കഥകൾപോലെ ജീവിതംപോലെ ആഞ്ഞുകൊത്തുന്നതുമാണ്. യൂറോപ്പിന്റെ അധികം പറഞ്ഞു കേൾക്കാത്ത എന്നാൽ വാർത്തകളിലും മറ്റും നമുക്ക് പരിചിതമായ ഒരു പാട് ജീവിതങ്ങൾ. പലായനത്തിന്റെയും അരികുവൽക്കരണത്തിന്റെയും സാമ്പത്തിക ഉച്ചനീചത്വത്തിന്റെയും ഒക്കെ കഥാപറയാനുള്ളവർ. എഴുത്തുകാരി കണ്ടതും കേട്ടതും കടന്നു പോയതുമായ അത്തരം കഥകളുടെ സമാഹാരമാണ് പുസ്തകം.

ഈ കുറിപ്പുകളിൽ പ്രത്യക്ഷപ്പെടുന്ന മനുഷ്യർ പരസ്പരം അറിയുന്നവരല്ല. പക്ഷേ അവരെ ഒന്നിപ്പിക്കുന്ന ഒന്നുണ്ട്. ആത്മാവിലും ശരീരത്തിലും മുറിവേറ്റ കുറെ മനുഷ്യർ. അതിന്റെ വേദനയാണ് അവരെ ഒരുമിപ്പിക്കുന്നത്.

പുസ്തകം ശരിക്കും യാത്രാ വിവരണമാണോ അതോ ആത്മകഥയാണോ എന്ന് നമ്മളെ ആശയക്കുഴപ്പത്തിലാക്കുന്നുണ്ട്. വല്ലാത്തൊരു വായനാ അനുഭവമാണ് ഇത് പകരുന്നത്. വായന തുടങ്ങിയാൽ അവസാനിക്കും വരെ യൂറോപ്പിലെ ആരും കാണാത്ത പല ഉൾവഴികളിലൂടെയും നമ്മൾ സഞ്ചരിക്കുന്ന പോലെ തോന്നിപ്പോകും.

ഈ പുസ്തകം എഴുതുമ്പോൾ സ്പെയിനിലെ ഒരു ഗ്രാമത്തിലാണ് കഥാകാരി ഹരിത സാവിത്രി താമസിക്കുന്നത്. അവിടെ കൊടും നിശബ്ദത മൂടിയ കുന്നിൻ ചെരുവിൽ വിവിധ നിറങ്ങളിലുള്ള കൂണുകൾ പോലെ പറ്റിപ്പിടിച്ചു നിന്ന കുറച്ചു കുഞ്ഞൻ വീടുകളിലൊന്നിൽ ആണ് ഹരിത ജീവിച്ചിരുന്നത്. കാറ്റുപോലും ചൂളം വിളിക്കാത്ത ഒരു ചിത്രശലഭത്തിന്റെ ചിറകിളക്കം പോലുമില്ലാത്ത നിശബ്ദത ആയിരുന്നു ഹരിതക്ക് കൂട്ട്.

ഈ ഏകാന്തതയിൽ നിന്ന് മോചനം നേടിയാവണം ചുറ്റും കണ്ട ജീവിത അനുഭവങ്ങളും ഹരിത എഴുതി തുടങ്ങിയത്. എന്നാൽ ഈ എഴുത്തുകൾ ഹരിതയെ എത്തിച്ചത് ലോകത്തെ ഏറ്റവും അശാന്തമായ യുദ്ധഭൂമിയിലേക്കാണ്. കുർദ് സമൂഹത്തിൽ നിന്ന് കിട്ടിയ സൗഹൃദങ്ങളാണ് ഈ പ്രദേശത്തേക്ക് യാത്ര ചെയ്യാൻ ഹരിതയെ പ്രേരിപ്പിച്ചത്. ഈ യാത്രകൾ ഹരിതയുടെ ജീവിതത്തെത്തന്നെ മാറ്റിമറിക്കുന്നതായിരുന്നു. മറ്റുള്ളവരുടെ കഥ കേൾക്കാനുള്ള ക്ഷമയും സഹാനുഭൂതിയും കഥാകാരി കാത്തു സൂക്ഷിക്കുന്നു. ചിലപ്പോഴൊക്കെ




അവർക്ക് ഒരു സാന്ത്വനമായും ഹരിത മാറുന്നുണ്ട്.

അസാധാരണമായ ജീവിത ചിത്രങ്ങളെ നമ്മുക്ക് മുമ്പിൽ യവനിക ഉയർത്തി കാണിക്കുകയാണ് ഓരോ അധ്യായത്തിലും. നാം അനുഭവിക്കാത്ത ജീവിതങ്ങളിലൂടെ നാം കടന്നുപോകുകയാണ്. തന്റെ യൂറോപ്യൻ ജീവിതക്കാലത്തെ യാത്രകളിൽ ഹരിത കണ്ടുമുട്ടിയ മനുഷ്യരുടെ കഥകളാണ് ഈ പുസ്തകത്തിൽ വിവരിക്കുന്നത്. മുറിവേറ്റവരുടെ വേദനിപ്പിക്കുന്ന രേഖാചിത്രങ്ങൾ.

യഥാർത്ഥത്തിൽ ഇത് യൂറോപ്പ്യൻ ജീവിതത്തിലേക്കുള്ള യാത്രയാണ്. ഇത് ഒറ്റപ്പെട്ട ചില മനുഷ്യരുടെ കഥ കൂടിയാണ്. ഇതിലെ മനുഷ്യരുടെ ജീവിതത്തെ വന്നു പൊതിയുന്ന സങ്കടങ്ങളും ദാരിദ്ര്യവും ഏകാന്തതയും. ലോകമെമ്പാടുമുള്ള മനുഷ്യ ജീവിതം ഏതാണ്ട് ഒരു പോലെ തന്നെയാണെന്ന് നമ്മെ ഒരിക്കൽക്കൂടി ബോധ്യപ്പെടുത്തുന്നു. യൂറോപ്പിനെ ഗ്രസിക്കുന്ന ശൈത്യം നമ്മുടെ ഹൃദയത്തിലേക്കും സംക്രമിപ്പിക്കുന്ന ആഴ്ന്നിറങ്ങുന്ന ജീവിതക്കാഴ്ചകൾ ഈ പുസ്തകത്തിൽ നാം കണ്ടെത്തും.

ചില പുസ്തകങ്ങൾ വായിക്കുമ്പോൾ നമുക്ക് തോന്നാറില്ലേ നമ്മളാ സംഭവങ്ങൾ നടക്കുന്ന സ്ഥലത്തുള്ളത് പോലെ? സ്പെയിനും ഫ്രാൻസും തുർക്കിയുമെല്ലാം ഞാനീ പുസ്തകത്തിൽ കണ്ടു, മറ്റൊരു കാര്യം കൂടെയുണ്ട് കേട്ടോ, പുസ്തകത്തിൽ പല പേജുകളിലും യൂറോപ്പിലെ നമ്മളാരും കാണാത്തതും ഉദാഹരണത്തിന്, കേൾക്കാത്തതുമായ ഭക്ഷണങ്ങളെ കുറിച്ച് പറയുന്നുണ്ട്, ഉദാഹരണത്തിന്, പുസ്തകത്തിലെ എഴുപത്തിമൂന്നാം പേജിലെ ധ്രുവ മനുഷ്യൻ എന്ന അധ്യായത്തിൽ ക്രീം പോലെ കൊഴുത്ത സാൽമൺ സൂപ്പും ഉള്ളിൽ ബേക്കൺ നിറച്ചു തുന്നി കനലിൽ പൊരിച്ചെടുത്ത മുയലും ഉരുളക്കിഴങ്ങിട്ട ബീവർ സ്റ്റ്യൂവും വീട്ടിലുണ്ടാക്കിയ സോസിൽ മുങ്ങിയ മൊരിഞ്ഞ മീറ്റ്റോളുകളും നിറഞ്ഞ പാത്രങ്ങൾ എപ്പോഴും ഭക്ഷണ മേശയിൽ നിരന്നിരുന്നു.

'ലാപ്ലാൻറിലേക്കുള്ള യാത്രാ മധ്യേ ആ ഇരുണ്ട പരുക്കൻ റൊട്ടിയും രൂക്ഷമായ രുചിയുള്ള ചീസും നന്നായി ഉണങ്ങി ഉറച്ച കനത്ത സോസേജ് കഷണങ്ങളും ചേർത്ത് സ്വാദോടെ വയറ് നിറയെ കഴിച്ച ശേഷം മുകളിൽ കുടിച്ച ചായക്ക് വല്ലാത്ത രുചി അനുഭവപ്പെട്ടത്രെ, അപ്പോഴാണ് ആന്ദ്രെ അറിയുന്നത് അവിടെ പൊതുവെ ചായയിൽ ഉപയോഗിക്കുന്നത് റെയിൻ ഡീയറിന്റെ പാലാണെന്നും, മധുരത്തിന് പകരം ഉപ്പാണ് ഉപയോഗിക്കുന്നതെന്നും.

വീടിനോട് ചേർന്നുള്ള പുകപ്പുരയിൽ പുകച്ചു ഉണക്കിയ സാൽമണും റെയിൻ ഡീയർ ഇറച്ചിയും പ്രധാന ചേരുവകൾ ആയ പരമ്പരാഗത വിഭവങ്ങളും വീട്ടിലുണ്ടാക്കിയ കടുപ്പമുള്ള ചെറു പഴങ്ങളുമായി സ്നേഹത്തോടെ നേരം തെറ്റാതെ ഭക്ഷണം കഴിപ്പിച്ചു.

വലിയ ചാക്കുകളിൽ ഉരുളക്കിഴങ്ങും മാവും അരിയും ഉള്ളിയും അടച്ച് ഭക്ഷണസാധനങ്ങളും നിറച്ച് കലങ്ങളും അത്യാവശ്യ സാധനങ്ങളും ഒക്കെയായി കുട്ടികൾ പോകുന്നത് ഒരു കാഴ്ച തന്നെയാണ്. പാറക്കല്ലുകൾ കൊണ്ട് അടുപ്പുകൂട്ടി കാട്ടുചോലകളിലെ മീനുകളെ കെണിവെച്ച് പിടിച്ചു കാട്ടു മുയലുകളെയും അണ്ണാനുകളേയും ഭക്ഷണമാക്കിയുള്ള ജീവിതം, ഒന്നും കിട്ടിയില്ലെങ്കിൽ അരിയും ഉരുളക്കിഴങ്ങും ഉള്ളിയും കൂടി ഒരുമിച്ചു വലിയ കലങ്ങളിലിട്ട് പുഴുങ്ങി തിന്നും' (ആകാശംകൊണ്ട് മുറിവേറ്റവൻ).

'ഞങ്ങൾ പോയത് ബ്രഡ്ഡും മറ്റു ഭക്ഷണ സാധനങ്ങളും വിൽക്കുന്ന ഒരു വലിയ കടയിലേക്കാണ്, ചില്ലു ഭിത്തികൾക്കരികിൽ കൂറ്റൻ റൊട്ടികൾ നിരത്തി വെച്ചിരുന്ന വിശാലമായ ആ മുറിയിൽ ആകെ കൊതി പിടിപ്പിക്കുന്ന മണം തങ്ങി നിന്നിരുന്നു, മുറിയുടെ നടുവിൽ പായല എന്ന സ്പാനിഷ് ഭക്ഷണം നിറച്ച വലിയ രണ്ടു ചെമ്പുകൾക്കടുത്ത് നിന്ന് ഒരാൾ വരുന്നവർക്ക് ഭക്ഷണം വിളമ്പി കൊടുത്തു കൊണ്ടേയിരുന്നു, രാത്രിയിൽ ജോലി ചെയ്യാൻ പോവുന്നവർ അവിടെ നിന്നും ഭക്ഷണം കഴിച്ചിട്ടാണ് പോകുന്നത്. വലിയ വലിയ കക്കകളും കൊഞ്ചും ചെറിയ നീരാളിയുടെ കഷണങ്ങളും പച്ചക്കറി സൂപ്പിൽ വേവിച്ച ചോറിൽ കലർത്തിയ വിഭവം വളരെ സ്വാദിഷ്ടമാണ് എന്ന് എനിക്ക് അതിന്റെ സുഗന്ധത്തിൽ നിന്ന് തന്നെ ബോധ്യമായി. ''കമ്മ്യൂണിസ്റ്റ് അർജന്റീനയിലെ രക്തരൂക്ഷിത കലാപങ്ങളുടെ ബാക്കിപത്രത്തിന്റെ ഓർമപേറുന്ന മമ്മാസിത'' എന്ന ഒരു കുറിപ്പുമുണ്ട് ഈ പുസ്തകത്തിൽ. എന്നെ ഏറ്റവും ആകർഷിച്ച കുറിപ്പുകളിലൊന്ന്.

ഒരു പക്ഷേ ഏറ്റവും വേദനിപ്പിച്ച ഒന്ന്. ഇത് ജൂലിയന്റെ കഥയാണ്. ഒരുപക്ഷേ അനവധി ജൂലിയൻമാരുടെ കഥ കൂടിയായിത്തീരുകയാണ്.

ടൈഗ്രീസ് നദിക്കരയിലെ ഒരു ചെറിയ ഗ്രാമത്തിൽ നിന്നും വന്ന ലിലാന്റെ കഥ മറ്റൊന്നാണ്. അത് വേട്ടയാടപ്പെടുന്ന കുർദ് ജനതയുടെ വേദനിപ്പിക്കുന്ന ചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. (ലിലാൻ)

പരിഷ്കൃത ലോകത്തിന്റെയും ജീവിതത്തിന്റെയും വർണ്ണാഭമായ എല്ലാ സാധ്യതകളും ഉപേക്ഷിച്ച് സാന്താക്ലോസിന്റെ നാടെന്നറിയപ്പെടുന്ന ധ്രുവപ്രദേശത്തുള്ള ഫിൻലാൻറിലെ ലാപ് ലാൻഡിലെ ചെറു ഗ്രാമത്തിൽ റെയിൻ ഡിയറുകളെ വളർത്തി ഋഷി തുല്യമായ ജീവിതം നയിക്കുന്ന ആന്ദ്രെ എന്ന ചെറുപ്പക്കാരന്റെ ജീവിതം വരച്ചിടുന്ന മറ്റൊരു കുറിപ്പുണ്ട് ഈ പുസ്തകത്തിൽ. (ധ്രുവ മനുഷ്യൻ)

മന്ത്രവാദികളെ അന്ധമായി വിശ്വസിക്കുകയും അശ്രയിക്കുകയും ചെയ്യുന്ന ലൗറയെ അതിൽ നിന്നും പിൻതിരിപ്പിക്കാൻ ഹരിത നടത്തുന്ന ശ്രമങ്ങൾ വായിക്കാൻ ഏറെ രസകരമാണ്. (മന്ത്രവാദിനി)

സിറിയക്കാരിയായ സഹൻദിന്റെ കഥ മറ്റൊന്നാണ്. ഇറാനിയൻ അസർബൈജാനിലെ കൂറ്റൻ പർവ്വതനിരയുടെ പേരു കൂടിയാണ് സഹൻദ്. ഇറാനിലെ 'പർവ്വതങ്ങളുടെ വധു' എന്നും സഹൻദ് സ്വവർഗാനുരാഗിയായ സഹൻദിനു അമ്മ നൽകിയ ശിക്ഷ അതികഠിനമായിരുന്നു. തീയിൽ കാണിച്ചു പഴുപ്പിച്ച നീണ്ട കത്തി അവളുടെ ഉള്ളം തുടയിൽ അമർത്തുകയായിരുന്നു അവളുടെ അമ്മ. ആ പാട് തന്റെ സുഹൃത്ത് എമിലിയുടെ ഓർമ്മയ്ക്കായി ബാക്കിയായി. തങ്ങളുടെ മണ്ണും മാനവും കാക്കാൻ യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന കുർദ് സ്ത്രീകളുടെ ക്യാമ്പിലേക്കുള്ള വിമാനയാത്രയിലാണ് സഹൻദിനെ ഹരിത പരിചയപ്പെടുന്നത്. (പർവതങ്ങളുടെ വധു)

ഈ പുസ്തകത്തിലെ മറ്റൊരു കുറിപ്പിൽ പരിചയപ്പെടുന്ന അസാധാരണനായ മറ്റൊരാൾ ജുവാൻ മാനുവൽ സാഞ്ചസ് ഗോർദില്ലോ ആണ്. മരിനാലേദ എന്ന കമ്മ്യൂണിസ്റ്റ് ഗ്രാമത്തിന്റെ സർവ്വസമ്മതനായ മേയറാണ് അദ്ദേഹം. സ്പാനിഷ് പത്രങ്ങൾ റോബിൻ ഹുഡ് മേയർ എന്നും ഡോൺ ക്വിക്സോട്ട് എന്നും വിശേഷിപ്പിക്കുന്നയാൾ. 1979 മുതൽ അദ്ദേഹം ഗ്രാമത്തിന്റെ മേയറാണ്. മരിനാലേദയിലെ ജീവിതം കേവലം ഉട്ടോപ്പിയൻ ആശയമല്ല. മറിച്ച് യഥാർത്ഥ്യമായിത്തീരുകയാണ്. അവിടെ എല്ലാവരുടെയും വേതനം സമമാണ്. അധികം ലാഭം ഉണ്ടായാൽ കൃഷിയും വ്യവസായവും വികസിപ്പിക്കുന്നതിനും പുതിയ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും ഗ്രാമത്തിലെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉപയോഗിക്കുന്നു. ലാഭമുണ്ടാക്കുകയായിരുന്നില്ല നാട്ടുകാരുടെ ലക്ഷ്യം. മറിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയായിരുന്നു. വീട് ഓരോ പൗരന്റെയും മൗലികാവകാശമാണ് എന്ന് പ്രഖ്യാപിക്കുകയും സാധ്യമായ ഏറ്റവും ചുരുങ്ങിയ നിരക്കിൽ അത് ലഭ്യമാക്കുകയും ചെയ്യുന്ന നാടാണ് മരീനാലേദ. രസകരമാണ് അവിടെ വീടുണ്ടാക്കുന്നത്. അവിടെ താമസിക്കാൻ തീരുമാനിക്കുന്ന ചെറുപ്പക്കാർക്ക് അതിനുള്ള ഭൂമിയും നിർമ്മാണ വസ്തുക്കളും ഒരു തൊഴിലാളിയും ആർക്കിടെക്റ്റിന്റെ സേവനവും ഗ്രാമത്തിന്റെ വകയാണ്. 90 സ്ക്വയർ മീറ്റർ വലിപ്പമുള്ള രണ്ടു നിലകളുള്ള വീടുണ്ടാക്കുന്നത് നാട്ടുകാരും കൂട്ടുകാരും ഒക്കെ ചേർന്നാണ്. വീടിനു പുറകിലായി 100 സ്ക്വയർ മീറ്റർ വലിപ്പത്തിൽ ഒരു കുഞ്ഞു മുറ്റവുമുണ്ടാകും. വീട് പക്ഷേ വിൽക്കാൻ അനുവാദമില്ല. അടുത്ത തലമുറക്ക് കൈമാറാം. അതു കൊണ്ടു തന്നെ വിറ്റ് കാശാക്കാം എന്ന് വിചാരിക്കുന്ന സൂത്രക്കാർക്ക് മരീനാലേദയിൽ രക്ഷയില്ല. നൃത്തവും മദ്യവും പൊട്ടിച്ചിരികളും സൗഹൃദങ്ങളും ചേർന്ന് ഊഷ്മളമായ, കൊതിപ്പിക്കുന്ന ജീവിതം നയിക്കുന്ന നിഷ്കളങ്കമായ മനുഷ്യരുടെ നാടാണിത്. തൊഴിലില്ലായ്മ ഏതാണ്ട് പൂർണ്ണമായി തന്നെ പരിഹരിച്ച നാടു കൂടിയാണിത്.

ഒടുവിൽ യാത്ര പറയുമ്പോൾ ഹരിത ഗോർദില്ലോവിനോട് പറയുന്ന വാക്കുകൾ നമ്മളും അറിയാതെ പറഞ്ഞു പോകും. 'ഗോർദില്ലോ, തീർച്ചയായും ഞാൻ ഇനിയും വരും. എന്റെ മക്കൾ, അടുത്ത തലമുറയുടെ പ്രതിനിധികൾ നിശ്ചയമായും സമത്വം എന്ന വാക്കിന്റെ അർത്ഥം പഠിക്കേണ്ടതുണ്ട്.

***********

പുസ്തകത്തിലെ ഹരിതയുടെ വീട് ഇനിയുള്ള കാലം മുഴുവൻ ഓർമ്മയിൽ ഏറെ പച്ചപ്പോടെ തങ്ങി നിൽക്കുമെന്നെനിക്കുറപ്പുണ്ട്. പൈൻ മരങ്ങളും ഓക്ക് മരങ്ങളും നിറഞ്ഞ കാടുകളും അതിനിടയിൽ ഗോതമ്പും ഉരുളക്കിഴങ്ങും കൃഷി ചെയ്യുന്ന നാട്ടിലാണ് ആ വീട്. വീടിന്റെ അതിര് അവസാനിക്കുന്നിടത്ത് കാട് ആരംഭിക്കുന്നു. പ്രകാശം വീഴും മുൻപ് വീടിന്റെ മുന്നിലെ ജലധാരയിൽ നിന്നും വെള്ളം കുടിക്കാൻ എത്തുന്ന കുറുക്കനും കണി കണ്ടുണരുന്ന പ്രഭാതങ്ങൾ. മിന്നൽ പോലെ പാഞ്ഞു പോകുന്നതിനിടയിൽ അതിരുകളിൽ വന്നു ആകാംക്ഷയോടെ എത്തിനോക്കുന്ന മാനുകൾ, ഓക്കുമരത്തിന്റെ കായകൾ തിന്നാനിറങ്ങുന്ന കാട്ടുപന്നിയും കുഞ്ഞുങ്ങളും മേയുന്ന പരിസരങ്ങൾ. റ്റുലിപ്പു പുഷ്പങ്ങളും ഡാഫോഡിലുകളും വിടർന്നു നില്കുന്ന പ്രഭാതകൾ, സുന്ദരമായ കാഴ്ചകൾ...

ചുരുക്കി പറഞ്ഞാൽ രുചിയേറിയ ഭക്ഷണങ്ങളും, മഞ്ഞു വീഴുന്ന ഡിസംബറിലെ തണുപ്പുമുള്ള പുസ്തകം. ഈ നോവലിന് കൂടുതൽ വായന ഉണ്ടാവട്ടെ എന്നും ഹരിതയ്ക്കൊപ്പം ലോകത്തിന്റെ അജ്ഞാതമായ കൂടുതൽ മേഖലകളിലേക്ക് യാത്ര ചെയ്യാൻ നമുക്ക് കഴിയട്ടെ എന്നും ആഗ്രഹിക്കുന്നു.




# കൂട്ടുകാർ

കൂടെ പിറക്കാതെ എന്നോ
കൂടെപ്പിറപ്പായവർ കൂട്ടുകാർ.
അനുവാദം വേണ്ടെന്നു ചൊല്ലി മെല്ലെ
അകത്തേക്കു വന്നവരെൻ കൂട്ടുകാർ.

സ്മരണതൻ സൗഹൃദപ്പൊതിയിൽ
കൗമാരവർണ്ണങ്ങൾ മടക്കി തന്നവർ കൂട്ടുകാർ.
ഒരുവിരൽ തുമ്പിനപ്പുറമുണ്ടെന്നു
ഉറപ്പിച്ചുപറയുന്നവരെൻ കൂട്ടുകാർ.

വേരാഴ്ന്നിറങ്ങാതിരുന്നിട്ടും
വീണുപോകാതെ
വേരുകൾ പരസ്പരം
വലനെയ്ത്... ഒരായിരമാണ്ടുകൾ,
മണ്ണിൽ പാർക്കും *മാമരങ്ങൾ,
ഉതിർക്കുമാ ദലമർമ്മര സംഗീതം
മനച്ചെപ്പിലേറ്റിയവരെൻ കൂട്ടുകാർ!



**രജനി വി. ആർ.**
(ജോയിന്റ് സെക്രട്ടറി)

(*സാൻഫ്രാൻസിസ്കോയിലെ നൂർവുഡ്
വനത്തിലെ റെഡ് വുഡ് മരങ്ങൾ)

# ശൈലൻ

മഹാശൈലനെന്ന ഒരു ഹിമരൂപിയെ
മാത്രമേ എനിയ്ക്കറിയുമായിരുന്നുള്ളു

മഹാശൈലനെപ്പോൽ സ്നേഹരൂപിയായ
ശൈലനെയെനിക്കറിയില്ലായിരുന്നു

പ്രണയിക്കുന്നതിന്റെകലയെന്നൊരു പുസ്തകം-
എന്നിലേയ്ക്കെത്തും വരെ
ശൈലനെയെനിക്കറിയില്ലായിരുന്നു

ശൈലൻ തീർത്ത സ്നേഹശില്പങ്ങൾ
എന്നാത്മാവിനെ സ്പർശിയ്ക്കും വരെ
ശൈലനെയെനിക്കറിയില്ലായിരുന്നു

ഇന്ന് ഞാനറിയുന്നു മുജ്ജന്മങ്ങളിലെന്നോ
അയാളെയെനിയ്ക്കറിയാമായിരുന്നു
അല്ല, എന്നും അയാളെയെനിയ്ക്കറിയാമായിരുന്നു

അയാൾ സ്നേഹമാണ് സ്നേഹം മാത്രമാണ്.



**ഡോ. മഞ്ജു പി. യു.**
(അസിസ്റ്റന്റ് ലൈബ്രേറിയൻ
ഗ്രേഡ് II)




വായനക്കുറിപ്പ്

# ദളിത് ബ്രാഹ്മണൻ



**ഓമനശീലൻ ജി.**
(ലൈബ്രേറിയൻ)

പ്രമുഖ മറാഠി സാഹിത്യകാരനും സരസ്വതി സമ്മാൻ ജേതാവുമായ ശരൺകുമാർ ലിംബാളെ എഴുതിയ കഥാസമാഹാരമാണ് 'ദളിത് ബ്രാഹ്മണൻ.' 'ഭഗവാന്റെ പോരാട്ടം', 'ജാതി ചോദിക്കരുത്', 'ദളിത് ബ്രാഹ്മണൻ', 'നീചജാതി' തുടങ്ങിയ പത്തു കഥകളാണിതിലുള്ളത്. ഈ കൃതിയുടെ മലയാള പരിഭാഷ നടത്തിയിരിക്കുന്നത് ഡോ. എൻ. എം. സണ്ണിയാണ്. ആകെ 104 പേജുകളുള്ള ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചിരിക്കുന്നത് 'ബുക്കർ മീഡിയ' ആണ്. സാമൂഹ്യപീഠനത്തിന്റെയും വർണ്ണവിവേചനത്തിന്റേയും ബഹിർസ്ഫുരണങ്ങളാണ് ഈ കഥകൾ. ജാതിചിന്തയും അതിക്രമങ്ങളും നമ്മുടെ പൊതുസമൂഹത്തെ ചുട്ടെരിക്കുന്നതിന്റെ നേർചിത്രം കൂടിയാണ് ഇവ.

പുരുഷാധിപത്യം നിലനിൽക്കുന്ന നമ്മുടെ സമൂഹത്തിൽ സ്ത്രീ-പുരുഷ ബന്ധങ്ങൾ സ്ത്രീ ശരീരത്തിന്മേലുള്ള കയ്യേറ്റമായി മാറുന്നു എന്ന യാഥാർത്ഥ്യമാണ് ആദ്യകഥയായ 'ഭഗവാന്റെ പോരാട്ടം' പറയുന്നത്. ഇന്ത്യൻ ഗ്രാമങ്ങളിൽ ഉയർന്നുവരുന്ന കീഴാള ജൈതിക ഉണർവിന്റെ പ്രതിനിധാനമാണ് 'ഭഗവാൻ' എന്ന ഇതിലെ കഥാപാത്രം. ഇന്ത്യൻ സാമൂഹ്യ വ്യവസ്ഥിതിയിലെ ബ്രാഹ്മണാധികാര വാഴ്ച ഈ കഥയിൽ നമുക്ക് വായിക്കാം. ഒരാൾ സ്വയം അടിമത്തം സ്വീകരിക്കാനും കീഴടങ്ങി കൊണ്ട് ജീവിക്കാനും പരിശീലിപ്പിക്കപ്പെട്ടു എന്നതും കീഴാള യുവതയുടെ വളർന്നുവരുന്ന പ്രതീക്ഷാ

നിർഭരതയുമാണ് 'ദളിത് ബ്രാഹ്മണനി'ൽ കാണാനാവുക. സ്വന്തം സ്വാതന്ത്ര്യത്തേയും ഉണർവിനേയും തിരിച്ചറിയാതെ ജീവിക്കുന്ന ഒരു ദളിത് ബ്രാഹ്മണനെയാണ് ലിംബാളെ ഇതിൽ അവതരിപ്പിക്കുന്നത്. ജനാധിപത്യ വിരുദ്ധവും മനുഷ്യത്വരഹിതവും സ്ത്രീവിരുദ്ധവുമായ ജാതി വ്യവസ്ഥയുടെ സങ്കൽപ്പത്തെയാണ് ലിംബാളെ ഈ കഥയിലൂടെ ചോദ്യം ചെയ്യുന്നത്. ഇന്ത്യയിൽ ജനാധിപത്യമോ സോഷ്യലിസ്റ്റ് മതനിരക്ഷതയോ ഉണ്ടാവണമെങ്കിൽ 'ജാതി ഉൻമൂലനം' നടക്കണമെന്ന അംബേദ്കറുടെ സ്വപ്നം ഉൾക്കൊള്ളാൻ മടിക്കുന്നവരാണ് കീഴാളരുടെ ശത്രുവെന്നാണ് 'ജാതി ചോദിക്കുന്നത്' എന്ന കഥയുടെ ഇതിവൃത്തം. ജാതി വ്യവസ്ഥയുടെ തീവ്രതയും തരംതാണ ചിന്താഗതിയുമാണ് 'നീച ജാതി' യിൽ പറയുന്നത്. ഗോവധവും ഗോമാംസ ഭോജനവും നമ്മുടെ നാട്ടിൽ സൃഷ്ടിച്ച വേർതിരിവുകളാണ് 'ഗോവധ'ത്തിലെ പ്രമേയം. അയോദ്ധ്യാ സംഭവുമായി ബന്ധപ്പെട്ട 'രഥയാത്ര' ദളിതരുടെ സംഘടിത ശക്തിയെക്കുറിച്ചും അവയുടെ സങ്കീർണ്ണതകളുമാണ് വിവരിക്കുന്നത്. ദളിത് പ്രശ്ന പരിഹാരത്തിനായി സംയമനം പാലിച്ച് സാവധാനം മുന്നേറണമെന്നാണ് 'മറുപടി ഇല്ല' എന്ന കഥയുടെ സാരാംശം.

ദളിത് സമൂഹത്തിൽ ആത്മകഥകൾക്കുള്ള പ്രസക്തിയും പ്രചാരവും അംഗീകാരവും പ്രമേയമാക്കി എഴുതിയതാണ് 'ആത്മകഥ'. ഇത് ലിംബാളെയുടെ തന്നെ ആത്മനൊമ്പരമാണ്. പ്രണയത്തിന് ജാതിയില്ല, പ്രണയം ജാതിയെ ഇല്ലാതാക്കുന്നു എന്നതാണ് 'നീച ജാതി' എന്ന കഥ പറയുന്നത്. ദളിതന്റെ സ്നേഹബന്ധവും, അതിന് വിലങ്ങുതടിയായി നിന്ന ഗുണ്ടയെ അമർച്ച ചെയ്യുന്നതുമാണ് അവസാന കഥയിലെ പ്രമേയം.

ലിംബാളെയുടെ ഓരോ കഥകളുടെയും അന്തസത്ത മതത്തിനും ജാതിക്കുമപ്പുറം മനുഷ്യനെ മനുഷ്യനായി കാണണമെന്നാണ്. 'മനുഷ്യാണാം മനുഷ്യത്വം' എന്നാണല്ലോ നമ്മുടെ നവോത്ഥാന നായകനായ ശ്രീനാരായണഗുരു പറഞ്ഞിട്ടുള്ളത്. നമ്മുടെ സംസ്കാരത്തിന് വിഘാതമായി നിൽക്കുന്ന ജാതിയെ പിഴുതെറിയാൻ സമയമായിരിക്കുന്നുവെന്നാണ് ലിംബാളെയുടെ ഈ കഥകളുടെ സാരം. കേരളത്തിലെ ശ്രീനാരായണ പ്രസ്ഥാനങ്ങളുടെയും, അയിത്തോച്ചാടന പ്രസ്ഥാനങ്ങളുടെയും ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും അതായിരുന്നു. സ്വാതന്ത്ര്യത്തിന്റെ ഈ അമൃത കാലഘട്ടത്തിലും, ഉന്നാവിലും മറ്റ് വടക്കേ സംസ്ഥാനങ്ങളിലും, ഇപ്പോൾ കേരളത്തിലും നടന്നുവരുന്ന ജാതി ഭ്രഷ്ടും, വിവേചനവും, നൂറ്റാണ്ടുകളായി നാം പടുത്തുയർത്തിയ സാംസ്കാരിക പൈതൃകത്തെയാണ് തച്ചുടച്ചിരിക്കുന്നത്. ഈ മുന്നറിയിപ്പുകളാണ് ഈ കഥകൾ. അവ രചയിതാവിന്റെ പ്രണിത ഹൃദയവും നിഷ്കാസിതരുടെ ആകുലതകളുമാണ്. മാനുഷിക പരിഗണനയ്ക്ക് സമൂഹത്തിൽ ജാതിയേക്കാൾ എത്ര മുൻതൂക്കമുണ്ടെന്ന് മനസ്സിലാക്കാൻ ഉതകുന്ന ശക്തമായ കഥകളാണ് ലിംബാളയുടേത്. അത്തരത്തിൽ പൊതു സമൂഹത്തിന്റെ നവനിർമ്മിതിയ്ക്കും പുരോഗമന ചിന്തയ്ക്കും നിമിത്തമാകട്ടെ എന്റെ ഈ പ്രിയപുസ്തകമെന്ന് ആശിക്കുന്നു.

കവിത

# മിഥ്യ



നശിച്ചീടുകയില്ലെന്ന മനുഷ്യൻ
തൻ സ്വപ്നം സഫലമാവുകയില്ല
നശിക്കുമെന്നത് ഈശ്വരൻ തൻ
നിശ്ചയമാണ്.

പൂവുകൾ പക്ഷികൾ സർവ്വ
ചരാചരങ്ങളും
ഒരു നാൾ നശിച്ചീടുക
തന്നെ ചെയ്യും

മനുഷ്യന്റെ അഹങ്കാരം
നശിക്കുക തന്നെ ചെയ്യും
എന്നാലത് ചിന്തിച്ചീടുവാൻ
മനുഷ്യന് കഴിയുകയില്ല.



**സഫിയ ഷാനവാസ്**
(D/o ഷാനവാസ് എ.,
പാർട്ട്ടൈം സാനിട്ടേഷൻ വർക്കർ)



ചെറുകഥ

# അവൾ എന്റെ ഭാനു

അന്നൊരു മഴയുള്ള ദിവസമായിരുന്നു. രാവിലെ നീല വെളിച്ചത്തിൽ നനഞ്ഞു കുതിർന്ന വേഷത്തിൽ ആരോ നടന്നു പോകുന്നത് ആദിത്യൻ ജനലഴിയിലൂടെ കണ്ടു. അവൻ കുടയും നിവർത്തിപ്പിടിച്ച് വീടിന്റെ പുറത്തിറങ്ങി ആരാണെന്നു സൂക്ഷിച്ചു നോക്കി. ഒരു ഇരുപതു ഇരുപത്തിയഞ്ചു വയസ്സ് തോന്നിക്കുന്ന ഒരു പെൺകുട്ടി! 'എവിടേയ്ക്കായിരിക്കും ഈ രാത്രിയിൽ കുട്ടി മഴയും നനഞ്ഞു പോകുന്നത്. മുൻപ് ഇവിടെങ്ങും ഈ പെൺകുട്ടിയെ കണ്ടിട്ടുമില്ല! അവൾ ആരായിരിക്കും?' ഇങ്ങനെയുള്ള കുറെ ചോദ്യങ്ങൾ ആദിത്യന്റെ മനസ്സിൽ ഇരമ്പി.

പെട്ടെന്ന് ആ പെൺകുട്ടി സ്തബ്ധയായി നിന്നു! 'എന്നെ കണ്ടിട്ടുണ്ടാകുമോ? എന്നെ കണ്ടു പേടിച്ചു നിൽക്കുന്നതാകുമോ?' ആദിത്യൻ പിറുപിറുത്തു. അവൾ ശരിക്കും

**ഡോ. വിഷ്ണുമായ ആർ. എസ്.**
(കാറ്റലോഗ് അസിസ്റ്റന്റ്)

പേടിച്ചു നിൽക്കുന്നതാണെന്നു അവനു മനസ്സിലായി. അവൻ അടുത്തേക്കു ചെന്നപ്പോൾ അവൾ വിറയ്ക്കുന്നുണ്ടായിരുന്നു! അത് ഭയത്തിന്റെയും തണുപ്പിന്റെയും വിറയലായിരുന്നു!

‘‘കുട്ടി എവിടുന്നാ? എവിടേയ്ക്കാണ് പോകേണ്ടത്? കൂടെ ആരെങ്കിലും ഉണ്ടായിരുന്നോ? കുട്ടി വഴി തെറ്റി ഇവിടെ എത്തിയതാണോ?’’ ആദിത്യന്റെ ഈ ചോദ്യങ്ങളൊന്നും കേട്ട ഭാവമില്ലാതെ അവൾ നിന്നു. ‘‘പേടിക്കേണ്ടാ, ഞാൻ ഉപദ്രവിക്കില്ല.’’ ആദിത്യന്റെ ഈ വാക്കുകൾ കേട്ടപ്പോൾ അവൾ പൊട്ടിക്കരയാൻ തുടങ്ങി. ആദിത്യൻ ആകെ പരിഭ്രമിച്ചു. അവൾക്ക് എന്തെങ്കിലും സംഭവിച്ചിട്ടുണ്ടാകുമോ!

‘‘കുട്ടി കരയാതിരിക്കൂ... ഇവിടെ നിന്ന് മഴ നനയാതെ എന്റെ വീടിന്റെ വരാന്തയിലേക്ക് കയറി നിൽക്കൂ.’’ അവൾ തേങ്ങി കരയുന്നതിനിടയിൽ ‘ഇല്ല’ എന്ന് തലകുലുക്കി. അപരിചിതനായ ഒരു പുരുഷൻ ഒരു പെൺകുട്ടിയെ വീട്ടിലേക്ക് ക്ഷണിച്ചാൽ എന്തായാലും കൂടെ വരില്ലെന്നറിയാം! ‘‘മഴ നനഞ്ഞു നിൽക്കണ്ടായെന്നു കരുതിയാണ് വരാൻ പറഞ്ഞത്.’’

അത്രയും പറഞ്ഞപ്പോൾ അവളുടെ മനസ്സ് മാറി അവനോടൊപ്പം വീട്ടിലേക്കു നടന്നു. അവൾ വരാന്തയിൽ കയറി നിന്നു. അവൾ തണുത്തു വിറയിക്കുന്നതു കണ്ടപ്പോൾ ആദിത്യൻ അകത്തേയ്ക്ക് പോയി ഒരു പുതപ്പ് എടുത്തു കൊണ്ടു വന്ന് അവൾക്കു കൊടുത്തിട്ടു പറഞ്ഞു, ‘‘ഇത് പുതച്ചോളൂ.’’

അവൾ അത് വാങ്ങി നനഞ്ഞ തുണിയുടെ മുകളിലൂടെ പുതച്ചു. അപ്പോൾ അകത്തു നിന്ന് ഒരു പതിഞ്ഞ സ്വരം അവൾ കേട്ടു! ‘‘ആരാ മോനെ അവിടെ?’’അത് കേട്ട ആദിത്യൻ മറുപടി പറഞ്ഞു, ‘‘ഒരു പെൺകുട്ടി!’’

‘‘അകത്തേയ്ക്ക് വരാൻ പറയ് മോനേ...’’

‘‘ഉം, പറയാം അമ്മേ!’’

‘‘എന്റെ അമ്മയാണ്. ഏറെനാളായി ശരീരം തളർന്നു കിടപ്പിലാണ്.’’ ആദിത്യൻ അവളോട് പറഞ്ഞു.

അയാളുടെ അമ്മ അകത്തുണ്ടെന്നു മനസ്സിലാക്കിയ പെൺകുട്ടിയുടെ മുഖം കാർമേഘമൊഴിഞ്ഞ ആകാശം പോലെ തെളിഞ്ഞു!

‘‘കുട്ടീടെ പേരെന്താ? എവിടെയാ വീട്?’’ ആദിത്യൻ ചോദിച്ചു.

അവൾ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു, ‘‘ഭാനു. ഭാനു, അതാ എന്റെ പേര്. ഞാൻ കുറച്ചു ദൂരേന്നു വരുന്നു.’’

‘‘ഭാനു എങ്ങനെ ഇവിടെ എത്തി? കൂടെ ആരെങ്കിലും ഉണ്ടായിരുന്നോ?’’

ആദിത്യന്റെ ആ ചോദ്യം കേട്ട് ഭാനു പൊട്ടിക്കരയാൻ തുടങ്ങി. കരച്ചിലിനിടയിൽ അവൾ പറഞ്ഞു. ‘‘എനിക്ക് ആരും ഇല്ല, ആരും.’’

അവളുടെ കരച്ചിൽ കണ്ടപ്പോൾ ആദിത്യന് വിഷമം തോന്നി.

ഭാനു തേങ്ങി കരഞ്ഞുകൊണ്ട് പറഞ്ഞു, ‘‘എനിക്ക് എന്റെ അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളൂ! അച്ഛൻ പത്തു പതിനഞ്ചു വർഷങ്ങളായി ഞങ്ങളെ ഉപേക്ഷിച്ചു പോയി... ഇന്ന് എന്റെ അമ്മയും എന്നെ വിട്ടു പോയി! അസുഖമായി കിടപ്പിലായിരുന്നു, ചികിത്സിക്കാനുള്ള പണമില്ലാത്തതു കൊണ്ട് എനിക്ക് എന്റെ അമ്മയെ രക്ഷിക്കാനായില്ല.’’

രോഗശയ്യയിലായിരുന്ന ആദിത്യന്റെ അമ്മ ഇതെല്ലാം കേൾക്കുന്നുണ്ടായിരുന്നു. ഭാനുവിനെയും കൂട്ടി ആദിത്യൻ അമ്മയുടെ സമീപത്തു ചെന്നു. ഭാനുവിനെ കണ്ട അമ്മയുടെ തളർന്നു മരവിച്ച വലംകൈ വിറച്ചു തുടങ്ങി. അമ്മയുടെ കൈയ്ക്ക് ചലനമുണ്ടായതു കണ്ട ആദിത്യന്റെ മിഴികൾ കണ്ണുനീരിൽ കുതിർന്നു. ചലനമുണ്ടായ കൈ ഭാനുവിന്റെ നേർക്ക് ഉയർത്താൻ ശ്രമിക്കുന്നതു കണ്ട ഭാനു ആദിത്യന്റെ അമ്മയുടെ കൈയിൽ പിടിച്ചു. അവളുടെ കൈ ആദിത്യന്റെ കൈകളിലേക്ക് നീട്ടിക്കൊടുത്തിട്ട് ആദിത്യനോട് അമ്മ പറഞ്ഞു. ‘‘നിനക്കൊരു കൂട്ട് വേണ്ടേ. ഇവളാണ് നിന്റെ പെണ്ണ്!’’

ഭാനു പൊട്ടിക്കരയാൻ തുടങ്ങി.

അവളുടെ കരച്ചിൽ കണ്ടു സഹിക്കാനാകാതെ ആദിത്യൻ അവളെ ചേർത്ത് പിടിച്ച് പറഞ്ഞു,

‘‘ഭാനു കരയേണ്ട. ഞാനുണ്ട്, കൂടെ എന്റെ അമ്മയും! ഇനി എന്റെ അമ്മയ്ക്കും ഒരു കൂട്ടായല്ലോ!’’

അവളുടെ ഹൃദയത്തിൽ സ്നേഹത്തിന്റെ തിരി തെളിഞ്ഞു! ജീവിക്കാനുള്ള പ്രതീക്ഷ നൽകിയ ആദിത്യൻ അവൾക്കിനി എല്ലാമെല്ലാമാണ്.



വായനക്കുറിപ്പ്




# ആ മരത്തെയും മറന്നു ഞാൻ

2023 വായനദിനം – വായനക്കുറിപ്പ് മത്സരം – മൂന്നാം സ്ഥാനം



**ഷൂജ കെ.**
(ഇൻഫർമേഷൻ അസിസ്റ്റന്റ്)

എന്റെ പ്രിയപ്പെട്ട എഴുത്തുകാരിൽ ഒരാളാണ് കെ. ആർ. മീര. മനസിനെ മദിച്ചുകൊണ്ട് വായനാ സഞ്ചാരത്തിലേയ്ക്ക് നാമറിയാതെ സ്വയം ആനയിച്ചു കൊണ്ടുപോകുന്ന എഴുത്തിന്റെ അത്ഭുതമാണ് കെ. ആർ. മീരയുടെ എല്ലാ കൃതിയിലും കാണാൻ കഴിയുന്നത്. മനുഷ്യന്റെ പച്ചയായ ജീവിതങ്ങൾ അവതരിപ്പിക്കുമ്പോൾ എഴുത്തിനോടും വായനക്കാരനോടും സമരസപ്പെടാതെ നിറഞ്ഞ ഉത്തരവാദിത്തം പുലർത്തികൊണ്ടാണ് എഴുത്തിന്റെ കവാടം മലർക്കേ തുറന്നിടുന്നത്. പ്രത്യേകിച്ചും പ്രണയബന്ധങ്ങൾ ചിലപ്പോൾ ഒരു നീറ്റലായും മറ്റു ചിലപ്പോൾ മഞ്ഞുകൂനകളായും മനസ്സിൽ തണുത്തു നനഞ്ഞു കിടക്കും. ഒരു ഫെമിനിസ്റ്റ് എന്നതിനപ്പുറം തീഷ്ണമായ എഴുത്തിന്റെ ശൈലിയെ കൈകാര്യം ചെയ്യാനും സ്ത്രീയെ ശക്തമായ കഥാപാത്രങ്ങളാക്കി ഒരു തരത്തിലും വേർതിരിവില്ലാതെ വായനക്കാരുടെ മുന്നിലെത്തിക്കാനും എഴുത്തുകാരിക്ക് കഴിയാറുണ്ട്.

'ആ മരത്തെയും മറന്നു ഞാൻ' എന്ന നോവൽ വായിക്കുമ്പോഴും എനിക്ക് അങ്ങനെത്തന്നെയാണ് തോന്നിയത്. രാധികയെന്ന സ്ത്രീയെ രാധയായും ക്രിസ്റ്റിയെ കൃഷ്ണനായും ചിത്രീകരിക്കുമ്പോൾ അല്പംപോലും ചോർന്നു പോകാതെ പ്രണയത്തിന്റെ ലോലഭാവം ഇവിടെ എടുത്തു കാട്ടുന്നു. മാത്രമല്ല മരച്ചില്ലകളും ഇലകളും കൊഴിഞ്ഞ മരത്തിന്റെ ഒറ്റത്തടിയിൽ കാതലായി പ്രണയം ഇപ്പോഴും ബാക്കിയുണ്ടെന്നു രാധിക പറയുമ്പോഴും, നശിക്കാത്ത ഒരു വേരിന്റെ കോശം ഇപ്പോഴും വളർന്നിറങ്ങുന്നു എന്ന വിചാരങ്ങൾ രാധികയെ ഭ്രാന്ത് പിടിപ്പിക്കുന്ന

ഓർമ്മകളായി മാറുമ്പോൾ വായനക്കാരനെയും ആസ്വാദനത്തിന്റെ മത്തുപിടിപ്പിക്കുന്നു.

പത്തുവയസുമാത്രം പ്രായമുള്ള രാധികയെ മദ്യപിച്ച അച്ഛൻ വഴിയിൽ മറന്നു പോകുന്നു, നാട്ടിലെ പേരുകേട്ട വേശ്യയുടെ വീട്ടിൽ അന്ന് റെയ്ഡ്' നടക്കുകയും അച്ഛനെ പോലീസ് അറസ്റ്റ് ചെയ്തു സ്റ്റേഷനിൽ എത്തിക്കുകയും ചെയ്യുന്നു. അതേസമയം ഒരു വൃദ്ധൻ രാധികയെ അച്ഛന്റെയരികിൽ എത്തിക്കാമെന്നു പറഞ്ഞുകൊണ്ട് അവളെ കുടിലിലേയ്ക്ക് കൂട്ടികൊണ്ട് പോയി അവൾക്കു കഞ്ഞിയും കപ്പയും കൊടുത്തു പാതിമയക്കത്തിൽ ബലാൽത്സംഗം ചെയ്യുന്നു. അയാൾ ഒരു മരം വെട്ടുകാരനായിരുന്നു. തേയ്ക്കാത്ത മുറിയുടെ മൂലയിൽ വട്ടത്തിലൊരു വടവും വയ്ത്തലയിൽ മരക്ഷണങ്ങൾ പറ്റിപ്പിടിച്ച മഴുവും ചാരിവച്ചിരുന്നു. മുറിയിലെ പച്ചമരത്തിന്റെ തീഷ്ണഗന്ധം അവളുടെ ഓർമ്മകളിൽ ഉടനീളം ഈ കഥയിൽ കാണാം. അയാൾ ഉറങ്ങിയതും അവൾ അവിടെ നിന്നും രക്ഷപെടുകയാണ് പൊതുനിരത്തിലൂടെ ഉടുത്തുണിയില്ലാതെ അമ്മയെ വിളിച്ചുകരഞ്ഞു കൊണ്ടു ഓടുന്ന ഒരു പത്തുവയസുകാരി അവളും ചെന്നെത്തുന്നത് അച്ഛൻ ചെന്നെത്തിയ പോലീസ് സ്റ്റേഷനിലായിരുന്നു. നീലയും മഞ്ഞയും കളങ്ങളുള്ള ഒരു പരുക്കൻ ബെഡ്ഷീറ്റു കൊണ്ടു അച്ഛൻ നഗ്നത മറച്ചിരിക്കുന്നു. അവൾക്കും അവളുടെ മഞ്ഞ ഫ്രിലുള്ള മഞ്ഞയുടുപ്പും മഞ്ഞ ജെട്ടിയും മരം വെട്ടുകാരൻ എവിടെയോ ഊരിയെറിഞ്ഞിരുന്നു. എല്ലിച്ച ചെറിയ തുടകളിൽ ഉണങ്ങിക്കറുത്ത പായൽ പോലെ ചോരപറ്റി നിന്നു. ജുബ്ബയും കസവുമുണ്ടും കാലൻകുടയും നഷ്ടപ്പെട്ട അച്ഛനെ ആദ്യം അവൾക്കു മനസിലായില്ല. ആ മദ്യ ലഹരിയിലും അച്ഛൻ പകച്ചുപോയി. അപ്പോഴെല്ലാം പോലീസുകാർ അച്ഛനെ അസഭ്യം പറയുകയായിരുന്നു. രാധിക വിങ്ങി വിങ്ങി മുന്നിലെത്തിയപ്പോൾ അച്ഛൻ പരിചയമില്ലാത്തതു പോലെ തുറിച്ചുനോക്കി. ഈ ഭാഗം വായിക്കുമ്പോൾ മനസ്സ് വല്ലാതെ പിടഞ്ഞുപോകുന്നു.. ആ നിമിഷം കഥകാരിയുടെ എഴുത്തിന്റെ ചങ്കൂറ്റം കൊണ്ട് വേറിട്ട് നിൽക്കുന്ന എഴുത്തിന്റെ വഴികളിൽ മനുഷ്യന്റെ അവസ്ഥാന്തരങ്ങളെ ഭംഗിയായി അവതരിപ്പിച്ച കഥാകാരിയെ അറിയാതെ ബഹുമാനിച്ചു പോകുന്നു. വായനയുടെ ഇടയ്ക്ക് പലപ്പോഴും ഓർത്തു പോകാറുണ്ട് പൈങ്കുളം പാർവതിയെന്ന അഭിസാരികയ്ക്കുമേൽ രാധികയുടെ അച്ഛന്റെ കാമാസക്തിയാണ് അവളുടെ ജീവിതത്തിൽ ഉടനീളം കരിനിഴൽ പരത്തിയ സംഭവങ്ങൾക്ക് കാരണമായി തീർന്നതെന്ന്. മനസിനെ ഉലച്ച മറ്റൊരു ഭാഗം മത്സരത്തിൽ പങ്കെടുക്കാൻ പോയ പെൺകുട്ടിക്ക് വരയ്ക്കാൻ കിട്ടിയ വിഷയം പട്ടണത്തിലെത്തിയ പെൺകുട്ടി എന്നായിരുന്നു. അവൾ അച്ഛന്റെ പിന്നാലെ തല കുനിച്ചു നടക്കുന്ന അവളെത്തന്നെ വരച്ചു സെക്കന്റ് പ്രൈസ് വാങ്ങി എന്നതാണ്.


രണ്ടാമത്തെ തീവ്രമായ കഥാപാത്രം ക്രിസ്റ്റി ഐസക് ആണ് പ്രണയിനിയെ ഉന്മാദം കൊണ്ടു വീർപ്പു മുട്ടിക്കുന്നത് പലപ്പോഴും അസ്വസ്ഥതയോടെ കാണാൻ കഴിയും. പൈങ്കുളം പാർവതിയുടെ പേരു മാത്രം ചൊല്ലിക്കൊണ്ട് കാലം കഴിക്കുന്ന അച്ഛനെ ചങ്ങലയ്ക്കിടുന്നു, അമ്മയ്ക്കു അസുഖം ബാധിക്കുകയും പിന്നെ അനുജൻ ഉൾപ്പെടെ രണ്ടുപേരുടെയും വിദ്യാഭ്യാസം എല്ലാം കൂടി താങ്ങാൻ കഴിയാതെ രാധിക ബുദ്ധിമുട്ടുന്നു. ഒടുവിൽ അമ്മ മരിക്കുകയും ചെയ്തപ്പോൾ ലോനച്ചന്റെയും ഭാര്യയുടെയും നിർബന്ധപ്രകാരം അമ്മ ചെയ്തിരുന്ന ജോലിക്ക് പുറപ്പെടുന്നു. വലിയൊരു ഹോട്ടലിൽ എത്തിച്ചേർന്നപ്പോഴാണ് അമ്മ ചെയ്തിരുന്ന ജോലി എന്താണെന്നു ആദ്യമായി അവൾ അറിഞ്ഞത്. അവിടെയും അവൾ വിവസ്ത്രയാക്കപ്പെട്ടു. അപമാനിച്ചപ്പോൾ പൈങ്കുളം പാർവതി ഇടയ്ക്കിടെ അവളുടെ ഓർമ്മകളിൽ ഇടം പിടിച്ചു. എന്നാൽ ലോ കോളേജിലെ പഠിത്തം തന്നെ വേണ്ടായെന്നു തീരുമാനിക്കുകയും രണ്ടു വീടുകളിൽ അടുക്കള ജോലിക്ക് പോവുകയും ചെയ്തു. അപ്പോഴാണ് ക്രിസ്റ്റി വീണ്ടും അവളെ തിരക്കി വരുന്നതും. പിന്നെ അവൾ ഉൾപ്പെടെയുള്ള ആ കുടുംബത്തിലെ എല്ലാ ചെലവും അയാൾ വഹിക്കുന്നതും. അങ്ങനെ അവരുടെ പ്രണയം പൂത്തുലയുന്നു. രണ്ടു പേരും ഒരുമിച്ചു താമസിക്കുകയും ഒരു കുഞ്ഞു ഉദരത്തിൽ മുളപൊട്ടുകയും ചെയ്യുമ്പോൾ ക്രിസ്റ്റി കുഞ്ഞുണ്ടാകുന്നതിൽ ശക്തമായി എതിർക്കുകയും കുഞ്ഞു തടസമാണെന്ന് വാദിക്കുകയും ചെയ്യുന്നു. തിരിച്ചു ശക്തമായ ഭാഷയിൽ രാധികയും പ്രതിഷേധിക്കുന്നു. എന്നാൽ ഒരു ദിവസം ക്രിസ്റ്റി വളരെ ശാന്തനായി അവളെ സമീപക്കുകയും കയ്പമഗലം പള്ളിയിൽ മരിച്ചു പോയ അമ്മയെ സാക്ഷി നിർത്തി വിവാഹം കഴിക്കാം എന്നു വാഗ്ദാനം നൽകുകയും ചെയ്യുന്നു. എന്നാൽ താലി ചാർത്തിയ ഉടൻ അവളെ ക്രൂരമായി ഉപദ്രവിക്കുകയും ബലാത്സംഗം ചെയ്യുകയും ഗർഭിണിയായ അവളുടെ അടിവയറ്റിൽ തൊഴിക്കുകയും ചെയ്യുമ്പോൾ, അവിടെ ക്രിസ്റ്റിയുടെ ഭ്രാന്തമായ പ്രണയമോ അതോ ക്രൂരമായ പ്രതികാരമോ എന്നു സംശയം തോന്നിപോകും.

കുട്ടിയെ നഷ്ടപ്പെട്ടു മറ്റൊരുവന്റെ ഭാര്യയായി വേഷം കെട്ടിയ രാധികയ്ക്ക് ആദ്യരാത്രിയിൽത്തന്നെ മരംവെട്ടു കാരനെ ഓർമ്മിപ്പിക്കുംവിധം അവഹേളനവും നിന്ദയും ഏറ്റുവാങ്ങേണ്ടിവരുന്നു. പിന്നെയും ക്രിസ്റ്റിയുടെ വരവോടെ കഥയാകെ മാറുകയാണ്. അയാളെ ഒരു കേസിൽ സഹായിക്കണമെന്നും നാലു വർഷമായി നോബൽ പ്രൈസിനു വേണ്ടി പരിഗണിക്കുന്ന ലിസ്റ്റിൽ അദ്ദേഹം ഉണ്ടെന്നും മറ്റും പറയുന്നുണ്ട്. എന്നാൽ രാധിക എല്ലാറ്റിൽ നിന്നും ഒഴിഞ്ഞു മാറുകയും ഞാൻ മറ്റൊരാളുടെ ഭാര്യയാണെന്നു ആവർത്തിച്ചു പറയുമ്പോഴും ക്രിസ്റ്റി പ്രണയത്തിന്റെ ഉന്മാദം ബാധിച്ചു അവളെ വിട്ടു പോകാൻ തയ്യാറാകുന്നില്ല. ഒരു ദിവസം രാധികയ്ക്ക് ക്രിസ്റ്റി ഐസക്കിന്റെ തന്നെ തെരഞ്ഞെടുത്ത കഥകൾ നൽകുന്നു അതു വായിച്ച ശേഷം അവളുടെ തലച്ചോറിൽ വൈദ്യുതി പ്രവഹിച്ചു. അതു അവളുടെ കഥയായിരുന്നു ഒടുവിൽ അവൾ പുസ്തകങ്ങൾ അടുപ്പിലിട്ടു കത്തിക്കുന്നു. പിന്നെയാണ് ക്രിസ്റ്റിയെ ഇടയ്ക്കിടെ



ഷോക്കടിപ്പിക്കാറുണ്ടെന്ന് ബന്ധുക്കൾ പറഞ്ഞത്. ഒടുവിൽ ക്രിസ്റ്റി തന്നെ പറയുന്നുണ്ട് നിനക്ക് ഷോക്കടിച്ചാലോ എന്നു പേടിച്ചാണ് നിന്നെ ഉമ്മവയ്ക്കാത്തതെന്ന്. ഒടുവിൽ വിൽപ്പത്രം എഴുതണമെന്ന് അദ്ദേഹം ആവശ്യപ്പെടുമ്പോൾ അയാളുടെ മകൻ അരിസ്റ്റോട്ടിൽ ക്രിസ്റ്റി രണ്ടാമന്റെ പേരു പരാമർശിക്കുന്നു. അന്ന് പിറക്കാതെ പോയ മകനെക്കുറിച്ച് പലതവണ ക്രിസ്റ്റിയുടെ സംഭാഷണത്തിൽ ദുഖത്തോടെ ഒഴുകി നടന്നു. തികച്ചും നിസഹായാവസ്ഥയിൽ രാധിക ഒരു വശത്തു നിൽക്കുമ്പോൾ മറുവശത്തു ആരോഗ്യം നശിച്ചു കുറ്റബോധത്തോടെ ആരോരുമില്ലാതെ രാധികയെ ആശ്രയിച്ചു മാത്രം മുന്നോട്ടു പോകുന്ന ക്രിസ്റ്റി. എല്ലാ സമ്മർദ്ദവും ഏറ്റുവാങ്ങി ജോലിയിൽ പോലും ശ്രദ്ധിക്കാതെ രാധിക തളർന്നു പോയി പ്രണയം പിന്നെയും അവരെ ഒന്നിപ്പിച്ചു. രാധിക ഭർത്താവുപോലും അറിയാതെ ക്രിസ്റ്റിയുടെ താമസസ്ഥലത്തു എത്തിച്ചേരുകയും ഒടുവിൽ ഒരു രാത്രി അവർ ടെറസ്സിൽ എല്ലാം മറന്നു ശാരീരിക ബന്ധം പുലർത്തുകയും ചെയ്തു. എന്നാൽ നേരം പുലർന്നപ്പോൾ ക്രിസ്റ്റിയെ കാണാൻ കഴിഞ്ഞില്ല. മാത്രമല്ല അവൾ വിവസ്ത്രയായിരുന്നു. അവളുടെ വസ്ത്രങ്ങൾ തെരെഞ്ഞെങ്കിലും അതൊന്നും അവിടെയില്ലായിരുന്നു. ടെറസിൽ നിന്നുള്ള വാതിൽ തുറക്കാനാകാതെ അവൾ ഭയന്നു പോയി. തണലുമില്ല, മറവില്ല, മാത്രമല്ല നല്ല വെയിലും തുടങ്ങി. രണ്ട് കൈകൊണ്ടും ശരീരം മറച്ചു കൊണ്ടു ഒരു മൂലയിൽ ചുരുണ്ടു കൂടുമ്പോൾ പുറത്തു അഞ്ചുനിലകൾക്ക് താഴെ മരം വെട്ടുന്ന ശബ്ദം അവളെ തേടിയെത്തി അവൾ താഴേക്കു നോക്കുമ്പോൾ ക്രിസ്റ്റി അവളുടെ വസ്ത്രങ്ങൾ അലക്കി വിരിക്കുന്നു. അവളുടെ നിലവിളി അയാൾ കേട്ടില്ല. പകരം ക്രിസ്റ്റി മുറിപൂട്ടി കാലൻ കുടയെടുത്തു പടികളിറങ്ങി. കുട മഴുപോലെ തോളിൽ ചുമന്നു ഷോക്കേല്ക്കാൻ തിടുക്കപ്പെട്ടുകൊണ്ട് അയാൾ പൈക്കുളത്തേയ്ക്ക് യാത്രയായി.

ഈ കഥയിൽ രാധികയ്ക്ക് പത്തു വയസുമാത്രം പ്രായമുള്ളപ്പോൾ ഒരു മരംവെട്ടുകാരൻ ഏൽപ്പിച്ച മുറിവ്, മരത്തിന്റെ ദുർഗന്ധം, മരം വെട്ടുന്നതിന്റെ ശബ്ദം. ഇതെല്ലാം അവളുടെ ജീവിതത്തിലുടനീളം വിട്ടുപോകാതെ പിന്തുടരുന്നു. ജീവിതത്തിന്റെ സന്തോഷം വരുന്ന ചുരുക്കം നിമിഷത്തിൽ വളരുന്ന ഇലകളോടും മൊട്ടുകളോടും എഴുത്തുകാരി ഉപമിക്കുന്നു. അതുപോലെ ദുഃഖം വരുമ്പോൾ മരം വെട്ടുകാരനേയും മരത്തിന്റെ ഗന്ധത്തെയും വരച്ചു കാട്ടുന്നു. പ്രണയവും ഉന്മാദവും ചേർന്ന് നിരന്തരം ഷോക്കടിക്കാൻ നിർബന്ധിതനാകുന്ന ക്രിസ്റ്റിയും ഒരു വേദനയായി മാറുന്നു. ചുരുക്കത്തിൽ ആ മരത്തെയും മറന്നു മറന്നു ഞാൻ എന്നെ നോവലെറ്റ് എല്ലാം മറന്നു. ഈ വായനക്കാരിയും ഒറ്റയിരിപ്പിൽ വായിച്ചു തീർത്തു. കെ.ആർ. മീരയുടെ വേറിട്ടൊരു എഴുത്തു ശൈലി ഒരിക്കൽ കൂടി ഇവിടെ അർത്ഥവത്താവുകയാണ്.



# പ്രണയം

ഉടയാത്ത വാക്കിനാലുള്ള
പ്രണയത്തിൽ
ഊടു വഴിക്കുള്ള പ്രാധാന്യം
തിരിച്ചറിയണം.

പുഴ മീനുകളെ നോക്കിയും
കടൽത്തിരകളിൽ നനഞ്ഞും
അകംപുറം നിറച്ച്
മണൽമെത്തയിൽ ശയിക്കണം!

ഹൃദയവാതായനങ്ങൾ
പുറത്തുനിന്ന് പൂട്ടിവേണം
പ്രണയക്കുളിരിൽ
എന്നേയ്ക്കുമുള്ള
വീഥികൾ ഒരുക്കേണ്ടത്.


കുരുക്കുകളിൽ മുറുകി നീറി
ഇടംവലം തിരിഞ്ഞുനോക്കുമ്പോൾ
അതിരടയാളങ്ങളുടെ വിഘ്നങ്ങൾ
കാകോളത്താൽ ഒടുക്കി നിർത്തണം

വേദനയേറി ചേതനയറുമ്പോൾ പോലും
വിഷം നീട്ടിയ കൈകളെ സംശയിക്കരുത്.
പ്രാണസഖീ! നീയെന്റേതു, എന്റേതുമാത്ര
മെന്നോതി പ്രണയാഗ്നിയിൽ ഒടുങ്ങണം!

ഒടുങ്ങേണ്ടവൻ ജഡമായിതീർന്നാലും
കെട്ടിപ്പൊക്കിയ കള്ള ഗോപുരങ്ങളെ
മധുര മിഠായിപോലെ നുണഞ്ഞുകൊണ്ടിരിക്കണം!
കാരണം പ്രണയമാണ്, വിഷലിപ്തമായ പ്രണയം!



**പ്രസാദ് വി.**
(ചീഫ് അമിനിറ്റീസ് അസിസ്റ്റന്റ്)
2022–ലെ ഭരണഭാഷാ വാരാഘോഷം – കവിത : മൂന്നാം സ്ഥാനം




വായനക്കുറിപ്പ്

2023 വായനദിനം – വായനക്കുറിപ്പ് മത്സരം – രണ്ടാം സ്ഥാനം

# ഡോ. ബി. ആർ. അംബേദ്കർ, ആധുനിക ഇന്ത്യയുടെ ശില്പി

കേരള നിയമസഭഗ്രന്ഥശാലയുടെ അമൂല്യഗ്രന്ഥശേഖരത്തിൽ നിന്നും ഞാൻ വായിച്ച പുസ്തകങ്ങളിൽ ഡോ.എസ്. എസ്. ധക്ഥോഡെ എഴുതിയ 'ഡോ. ബി. ആർ.അംബേദ്കർ, ആധുനിക ഇന്ത്യയുടെ ശില്പി' എന്ന ആംഗലേയ പുസ്തകം ഈ വർഷത്തെ എന്റെ പ്രിയ പുസ്തകമായി കരുതുന്നു.

ഈ പുസ്തകത്തിൽ നമ്മുടെ ഭരണഘടന ശില്പിയായ ഡോ. ബി. ആർ. അംബേദ്കറിന്റെ ജീവിതം പൂർണ്ണമായി ചിത്രീകരിച്ചിരിക്കുന്നു. ഡോ. അംബേദ്കർ ഈ പുസ്തകത്തിലൂടെ ജീവിക്കുന്നു എന്ന് എനിക്ക് അനുഭവവേദ്യമായി. ഈ പുസ്തകത്തിന്റെ അവതാരിക എഴുതിയിരിക്കുന്നത് ഇന്ത്യയുടെ പരമോന്നത നീതിപീഠമായ സുപ്രീംകോടതിയിലെ മുൻ ന്യായാധിപനായ ജസ്റ്റിസ് ഹേമന്ത് ഗോഖലെയാണ്. ഭരണഘടന ശില്പിയായ ഡോ. അംബേദ്കറിനെ കുറിച്ചുള്ള പുസ്തകത്തിന് ഭരണഘടന വ്യാഖ്യാനിക്കുവാൻ നിയോഗിതനായ വ്യക്തി അവതാരിക എഴുതിയിരിക്കുന്നു എന്നത് വളരെ മൂല്യമുള്ള പുസ്തകം എന്നതിന് തെളിവായി കണക്കാക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യത്തിന്റെ വലിപ്പമേറിയ ലിഖിത ഭരണഘടനയ്ക്ക് നേതൃത്വം നൽകുവാൻ ഡോ. ബി. ആർ. അംബേദ്കർ എന്ന വ്യക്തിയെ തെരഞ്ഞെടുത്തതിന്റെ ഗുണമാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിത്തറക്ക് ഭംഗം വരാതെ നിൽക്കുന്നതിന് കാരണമായി ഈ പുസ്തകം നമ്മെ പഠിപ്പിക്കുന്നത്. ലോകത്തിൽ ഉള്ള എല്ലാ രാജ്യങ്ങളുടെയും ലിഖിതവും, അലിഖിതവുമായ ഭരണഘടനകളെ താരതമ്യം ചെയ്യുമ്പോൾ നമ്മുടെ ഭരണഘടനയുടെ മേന്മ വളരെയാണെന്ന് ഈ



**വിക്രമൻ സി.**
(ബൈൻഡർ)




പുസ്തകവായനയിലൂടെ ബോധ്യപ്പെട്ടു. ഇത്രയധികം ഗുണനിലവാരമുള്ള ഭരണഘടന എഴുതുന്നതിന് ഡോ. അംബേദ്കർ നേതൃത്വം വഹിച്ചതുകൊണ്ടാണ് അദ്ദേഹത്തെ 'ആധുനിക ഇന്ത്യയുടെ ശില്പി'എന്ന പദം ഈ പുസ്തകത്തിന് നൽകിയിരിക്കുന്നു എന്ന് മനസ്സിലാക്കുന്നു.

ഈ പുസ്തകത്തിൽ ഭീം റാവു അംബേദ്കർ എന്ന വ്യക്തിയുടെ ജനനം മുതൽ ഈ ലോക ജീവിത അവസാനം വരെ, മനോഹരമായ മുത്തുകൾ കോർത്തെടുത്ത മാല പോലെ ഈ പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നു. താഴ്ചയുടെയും, അവഗണനയുടെയും, വർഗ്ഗീയ വിദ്വേഷത്തിന്റെയും, തൊട്ടുകൂടായ്മയുടെയും കനൽ വഴികൾ പിന്നിട്ട് ശുദ്ധിചെയ്തെടുക്കപ്പെട്ട് സ്വർണ്ണത്തിളക്കത്തിൽ ലോകത്തിന്റെ നെറുകയിൽ എത്തപ്പെട്ട വ്യക്തിയെയാണ് ഈ പുസ്തകം നമ്മെ പരിചയപ്പെടുത്തുന്നത്. അദ്ദേഹത്തിന്റെ ജീവിത പാഠങ്ങൾ നമ്മുടെ ഭരണഘടനയെ തിളക്കമുള്ളതാക്കുന്നു. 1891 ഏപ്രിൽ മാസം 11-ാം തീയതി രാംജി സക്പാലിന്റെയും, ഭീമാബായിയുടെയും മകനായി ജനിച്ച വ്യക്തിത്വം. ഇദ്ദേഹത്തിന് അഞ്ച് വയസ്സ് പ്രായമാകുമ്പോൾ അമ്മ മരണപ്പെട്ടു. പ്രാഥമിക വിദ്യാഭ്യാസ കാലഘട്ടം പലതരത്തിൽ ക്ലേശകരമായിരുന്നു. സവർണ്ണരും, അവർണരും തമ്മിലുള്ള സാമൂഹിക വിടവ് വളരെ വലുതായിരുന്നു. വിദ്വേഷം നിറഞ്ഞ ആ സമൂഹത്തിൽ ജീവിക്കുന്നത് ഉയർന്ന കൊടുമുടികൾ കീഴടക്കുന്നതിനേക്കൾ വളരെ പ്രതിസന്ധികൾ നിറഞ്ഞതായിരുന്നു. 1907-ൽ മെട്രിക്കുലേഷൻ വിജയിച്ചു. ആകെയുള്ള 750 മാർക്കിൽ 282 മാർക്ക് നേടിയാണ് ഭീം റാവു അംബേദ്ർക്കർ വിജയം നേടിയത്. സർവണരുടെ മധ്യേ 282 മാർക്ക് വാങ്ങി ജയിക്കുകയെന്നത് അഭിമാനാർഹമായ നേട്ടമാണ്.

ഈ പുസ്തകത്തിന്റെ ഒന്നാം അധ്യായത്തിൽ ഡോ. അംബേദ്കറിന്റെ കുട്ടിക്കാലത്തെയും പ്രാഥമിക വിദ്യാഭ്യാസത്തെയും കുറിച്ച് വിവരിച്ചിരിക്കുന്നു. ഈ പ്രഥമ അധ്യായത്തിൽ ഇദ്ദേഹത്തിന്റെ കുടുംബത്തിന്റെ ചിത്രം തെളിവായി ചിത്രീകരിച്ചിരിക്കുന്നതായി നമ്മുക്ക് കാണുവാൻ കഴിയും. രണ്ടാമത്തെ അധ്യായത്തിൽ ഉന്നതവിദ്യാഭ്യസത്തെ കേന്ദ്രീകരിച്ച് എഴുതപ്പെട്ടിരിക്കുന്നു. 1908 ജനുവരി 03-ാം തീയതി ബോംബെ നഗരത്തിനടുത്തുള്ള എൽഫിൻസ്റ്റോൺ കോളേജിൽ ഉപരിപഠനത്തിന് ചേർന്നു. അദ്ദേഹത്തിന്റെ പഠനചെലവുകൾക്കായി 25 രൂപ സ്കോളർഷിപ്പ് ഗവൺമെന്റ് അനുവദിച്ചിരുന്നു. സാമ്പത്തിക പിന്നോക്കാവസ്ഥയും, സാമൂഹിക പിന്നോക്കാവസ്ഥയും ചൂണ്ടിക്കാട്ടി പലരും ഇദ്ദേഹത്തിന്റെ പഠനത്തെ നിരുത്സാഹപ്പെടുത്തിയിരുന്നതായി മനസ്സിലാക്കാം. പഠനോപകരണങ്ങൾ വാങ്ങുന്നതിന് ക്ലേശം നേരിടുന്ന സമയം ഇദ്ദേഹത്തിന്റെ അധ്യാപകരിലൂടെ ലഭിച്ച പിന്തുണയും, സാമ്പത്തിക സഹായങ്ങളെയും കുറിച്ച് വ്യക്തമായി എഴുതിയിരിക്കുന്നു. അതിൽ പ്രധാനികളായി ബിരുദ ക്ലാസിൽ ഇംഗ്ലീഷ് പഠിപ്പിച്ചിരുന്ന പ്രൊഫ. മുള്ളർ, പേർഷ്യൻ അധ്യാപകനായ പ്രൊഫ. ഇറാനി എന്നിവർ നല്ല പ്രോത്സാഹനം നൽകിയിരുന്നു. അമേരിക്കയിലെ കൊളംബിയ യൂണിവേഴ്സിറ്റിയിൽ നിന്നും എം.എ. ബിരുദം കരസ്ഥമാക്കി 'The national divinded in India: A historical and Analytical Study'എന്ന വിഷയത്തെ ആസ്പദമാക്കി സാമ്പത്തിക ശാസ്ത്രത്തിൽ പി.എച്ച്.ഡി. നേടുകയുണ്ടായി. പിൽക്കാലത്ത് എം. എസ്.സി., ഡി.എസ്.സി. എന്നീ ബിരുദങ്ങളും, നിയമ ബിരുദവും കരസ്ഥമാക്കി. ഉന്നത വിദ്യാഭ്യാസ കാലത്ത് അദ്ദേഹം പഠിക്കുവാൻ തെരഞ്ഞെടുത്ത ഓരോ വിഷയങ്ങളിലും ഗഹനമായ പഠനത്തിലൂടെ നല്ല ഫലങ്ങൾ സമൂഹത്തിന് നൽകുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

ഈ പുസ്തകത്തിലെ മൂന്നാം അധ്യായത്തിൽ ഡോ. ബി. ആർ. അംബേദ്കറുടെ വ്യക്തിയധിഷ്ഠിതമായ കുടുംബജീവിതത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. മെട്രിക്കുലേഷൻ കഴിഞ്ഞ 1907-ൽ തന്റെ 16-ാമത്തെ വയസ്സിൽ അദ്ദേഹം വിവാഹിതനായി. ഭാര്യ രമാബായി. വളരെയധികം സങ്കീർണ്ണമായിരുന്നു അദ്ദേഹത്തിന്റെ കുടുംബജീവിതം. കുടുംബജീവിതവും, വിദേശപഠനവും നിമിത്തം വളരെയധികം കഷ്ടത നിറഞ്ഞതായിരുന്നു വിവാഹാനന്തര ജീവിതം. ഇദ്ദേഹത്തിന് അഞ്ച് കുട്ടികൾ ജനിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ നാല് കുട്ടികൾക്ക് ജീവഹാനി സംഭവിച്ചതായും മനസ്സിലാക്കുന്നു. നാലാമത്തെ അധ്യായത്തിൽ അംബേദ്കറും, ത്രിത്വവും എന്നതിനെക്കുറിച്ച് എഴുതിയിരിക്കുന്നു. ഇദ്ദേഹത്തിന്റെ അടിസ്ഥാന തത്വങ്ങളായി Educate, Agitate and Organize എന്നീ ഘടകങ്ങൾ സ്വീകരിച്ചിരുന്നതായി മനസ്സിലാക്കാം. സമൂഹത്തിന്റെ നന്മക്കായി പല സംഘടനകളും രൂപീകരിക്കുവാൻ ഇദ്ദേഹത്തിന് കഴിഞ്ഞു. ഇത്തരം സംഘടനകളുടെ അടിസ്ഥാനം മേൽപ്പറഞ്ഞ ഘടകങ്ങളാണെന്ന് മനസ്സിലാക്കുന്നു. അഞ്ചാമത്തെ അധ്യായത്തിൽ പ്രഗത്ഭനായ ഒരു സാമ്പത്തിക വിദഗ്ദ്ധനായ അംബേദ്കറിനെ കാണുവാൻ കഴിയും. അംബേദ്കറും, ഇന്ത്യൻ കാർഷികരംഗവും എന്ന വിഷയമാണ് ആറാമത്തെ അധ്യായത്തിൽ എഴുതിയിരിക്കുന്നത്. വ്യവസായവത്കരണത്തെക്കുറിച്ച് അംബേദ്കറിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുന്നതാണ് ഏഴാമത്തെ അധ്യായം. ഡോ. അംബേദ്കർ സ്ഥാപിക്കപ്പെട്ട സംഘടനകളെക്കുറിച്ചാണ് എട്ടാം അധ്യായം എഴുതപ്പെട്ടിരിക്കുന്നത്. 1945-ൽ തുടങ്ങിയ Peoples education Society, 1924-ലെ ബഹിഷ്കൃത് ഹിത്കരണി സഭ, 1927-ലെ മഹർ സമാജ് സേവ സംഘ് എന്നിവ ഉദാഹരണങ്ങളാണ്.

വിദ്യാഭ്യാസ വിദഗ്ദ്ധനായ അംബേദ്കറിനെക്കുറിച്ച് അധ്യായം 9-ൽ വിവരിക്കുന്നു. രാഷ്ട്രീയ മീമാംസയിലെ അറിവുകളും അതിന്റെ വിലയിരുത്തലുകളെയും



അദ്ദേഹം നൽകിയ സംഭാവനകളെക്കുറിച്ച് പ്രതിപാദിക്കുന്നതാണ് ഈ പുസ്തകത്തിലെ ഇരുപതാം അധ്യായം. രാഷ്ട്രീയമീമാംസയിൽ ഉന്നത പാണ്ഡിത്യം നേടിയിരുന്ന ഡോ. അംബേദ്കർ, ഇന്ത്യയുടെ ആദ്യ നിയമ മന്ത്രിയാണ്. ഈ ദൗത്യത്തിൽ ഇന്ത്യയെന്ന മഹാരാജ്യത്തിന് വേണ്ടി അവതരിപ്പിക്കപ്പെട്ട നിയമനിർമ്മാണങ്ങളിൽ നിയമം ഉൾപ്പെടെ ഒട്ടനവധി വിഷയങ്ങളിൽ പരിചിതപ്രജ്ഞനായ ഇദ്ദേഹത്തിന്റെ പ്രാവീണ്യത്തെക്കുറിച്ച് ഈ പുസ്തകത്തിലുടനീളം സഞ്ചരിക്കുമ്പോൾ നമുക്ക് മനസ്സിലാക്കുവാൻ കഴിയും. ഇന്ത്യ മഹാരാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ എല്ലാ തലങ്ങളും ഗഹനമായി മനസ്സിലാക്കി ഒരു പുതിയ ഇന്ത്യ സൃഷ്ടിക്കുന്നതിന് വേണ്ടി തന്റെ പ്രയത്നങ്ങൾ സംഭാവനയായി നൽകുവാൻ അദ്ദേഹത്തിന് കഴിഞ്ഞു എന്നതാണ് 21-ാം അധ്യായത്തിലൂടെ നാം മനസ്സിലാക്കുന്നത്.

ഈ പുസ്തകത്തിലെ 1 മുതൽ 21 വരെയുള്ള അധ്യായങ്ങളിൽ ഇന്ത്യൻ ഭരണഘടന ശില്പിയായ ഡോ. ബി. ആർ. അംബേദ്കറിന്റെ, വ്യക്തിപരവും, നേതൃത്വപരവുമായ സത്യങ്ങൾ സൂക്ഷ്മമായി അപഗ്രഥിച്ച് അവതരിപ്പിക്കപ്പെട്ട ഒരു വിലപ്പെട്ട നിധിയായി ഈ പുസ്തകത്തെ കാണുവാൻ കഴിയും. ഈ പുസ്തകം എഴുതപ്പെട്ട ഡോ. എസ്. എസ്. ധക്ഫോഡെ എന്ന വ്യക്തി അംബേദ്കർ എന്ന മഹാനിലൂടെ ജീവിച്ച് രചിച്ച പുസ്തകമായി ഇതിനെ മനസ്സിലാക്കുന്നു. പഠനത്തിൽ ഏർപ്പെട്ടിരിക്കുന്ന പുതുതലമുറയ്ക്ക് ഈ പുസ്തകവായനയിലൂടെ, വ്യക്തിപരവും പഠനപരവുമായ ഉത്തേജനവും, സാമൂഹിക ജീവിതത്തിൽ നല്ല കാഴ്ചപ്പാടുകളും നേടിയെടുക്കുവാൻ സാധിക്കുമെന്നതിൽ സംശയമില്ല. പലതരം വിഷയങ്ങളിൽ റിസർച്ച് നടത്തുന്ന പഠിതാക്കൾക്ക് അമൂല്യമായ സമ്പത്തായി ഈ പുസ്തകത്തെ സ്വീകരിക്കാവുന്നതാണ്. സാഗരമാകുന്ന ജ്ഞാനത്തിന്റെ അഗാധതലങ്ങളിലേക്ക് ചെന്ന് അമൂല്യമായ മുത്തുകൾ ശേഖരിക്കുന്നതിന് ഈ പുസ്തകം മാർഗ്ഗദർശിയാകും.

കുറിച്ച് 10-ാം അധ്യായം നമുക്ക് വഴികാട്ടുന്നു. തൊഴിലാളി വർഗ്ഗത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് 11-ാം അധ്യായം നമ്മെ ഓർമ്മപ്പെടുത്തുന്നു. പത്രപ്രവർത്തനത്തിലൂടെ സാമൂഹിക നീതിക്ക് വേണ്ടി പ്രവർത്തിച്ചതിനെക്കുറിച്ച് 12-ാം അധ്യായം നമ്മെ ഉത്സാഹപ്പെടുത്തുന്നു. ജലവിഭവ വികസനത്തെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിരിക്കുന്ന പാഠഭാഗമാണ് പതിമൂന്നാമത്തേത്. ഇന്ത്യയുടെ ജലനയം എന്തായിരിക്കണം എന്നതിനെക്കുറിച്ച് ഭൂമിശാസ്ത്രപരമായ ഇന്ത്യയുടെ സമ്പത്തിൽ ആശ്രയിച്ചുകൊണ്ട് വ്യക്തമായ ഒരു കാഴ്ചപ്പാട് അദ്ദേഹത്തിന് ഉണ്ടായിരുന്നതായി ഈ അധ്യായം നമ്മെ പഠിപ്പിക്കുന്നു. ഇന്ത്യയുടെ പുതിയ ജലനയത്തിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചുള്ള ഡോ. അംബേദ്കറിന്റെ ദീർഘവീക്ഷണം പ്രകടമാക്കുന്നതായിട്ടാണ് ഈ പുസ്തകത്തിന്റെ 14-ാം അധ്യായം നമ്മെ പരിചയപ്പെടുത്തുന്നത്.

നിയമവിദഗ്ദ്ധനായ ഡോ. ബി. ആർ. അംബേദ്കർ, ഹിന്ദുകോഡ് ബിൽ തയ്യാറാക്കുന്നതിൽ വഹിച്ച സ്തുത്യർഹമായ പങ്കിനെക്കുറിച്ച് 15-ാം അധ്യായം സൂക്ഷ്മമായി പരിശോധിക്കുന്നു. സാമൂഹിക പരവും തൊഴിൽ പരവുമായ പ്രശ്നങ്ങളിൽ അംബേദ്കറുടെ ഇടപെടലുകളെക്കുറിച്ച് 16-ാം അധ്യായം വ്യക്തമായ വിവരങ്ങൾ നൽകുന്നു. ഡോ. ബി. ആർ. അംബേദ്കറിന്റെ വ്യക്തി ജീവിതത്തെക്കുറിച്ചുള്ള പരമപ്രധാനമായ ഒരു അധ്യായമാണ് 17-ാമത്തേത്. ഇതിൽ തൊട്ടുകൂടായ്മ എന്ന സാമൂഹിക അനീതിയിലും, ജാതീയതയിലും നിന്ന് സമൂഹത്തെ മുക്തമാക്കുന്നതിനുള്ള ദൗത്യത്തെക്കുറിച്ചും, ഹിന്ദുമതത്തിൽ നിന്ന് ബുദ്ധമതത്തിലേക്കുള്ള പരിവർത്തനത്തിന്റെ സാംഗത്യത്തെക്കുറിച്ചും വിശദമായി എഴുതിയിരിക്കുന്നു. ഭാരതത്തിലെ നേതാക്കന്മാരും ബ്രിട്ടീഷ് അധികാരികളും തമ്മിൽ നടന്ന വട്ടമേശ സമ്മേളനത്തിൽ പങ്കെടുത്തത് ഇന്ത്യൻ സാമൂഹിക വ്യവസ്ഥിതയിൽ ഒരു നാഴികക്കല്ലായി ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. ഇന്ത്യൻ ഭരണഘടനയുടെ 'നക്കൽ' തയ്യാറാക്കുന്നതിൽ ഭരണഘടനയുടെ ശില്പിയായ ഇദ്ദേഹത്തിന്റെ പ്രാഗത്ഭ്യം വരച്ചുകാണിക്കുന്ന ഒരു അധ്യായമാണ് പത്തൊൻപതാമത്തേത്. രാജ്യസഭ മെമ്പർ ആയിരുന്ന കാലത്ത്



മൊഴിമാറ്റം

# വിശിഷ്ട പാചകം

അമ്പാറോദാവില

**ജി. പി. ഉണ്ണിക്കൃഷ്ണൻ**
(ജോയിന്റ് സെക്രട്ടറി)

മഴ എന്റെ ജനലിൽ വീശിയടിക്കുന്നത് കേൾക്കുമ്പോൾ അവരുടെ കരച്ചിൽ വീണ്ടും എന്നിലേക്ക് മടങ്ങിയെത്തുന്നു, കുളയട്ടകളെപ്പോലെ എന്റെ തൊലിയിൽ പറ്റിപിടിച്ചിരിക്കുമായിരുന്ന അതേ വിലാപങ്ങൾ. പാത്രം ചൂടാകുകയും വെള്ളം തിളയ്ക്കാൻ തുടങ്ങുകയും ചെയ്യുമ്പോൾ അവരുടെ കരച്ചിൽ ഉച്ചസ്ഥായിലേക്ക് നീങ്ങും. പാകം ചെയ്യുമ്പോൾ കരിമണിപോലെയുള്ള അവരുടെ കണ്ണുകൾ കൺകുഴികളിൽ നിന്ന് പൊങ്ങിവരുന്നതും എനിക്ക് കാണാം.

മഴക്കാലത്ത് പച്ചക്കറിതോട്ടത്തിൽ അവർ ജനിച്ചു വളർന്നു. ചെടിത്തണ്ടുകളിൽ പറ്റിപിടിച്ച് ഇലകൾക്കിടയിലോ, ഈർപ്പമുള്ള വളർന്ന പുല്ലുകൾക്കിടയിലോ അവർ ഒഴിഞ്ഞിരുന്നു. അവിടെ നിന്നുമാണ് നല്ല വിലയ്ക്ക് ചന്തയിൽ വിൽക്കുന്നതിനായി അവരെ പറിച്ചെടുത്തിരുന്നത്. സമൃദ്ധമായിരിക്കുമ്പോൾ സാധാരണയായി അഞ്ച് സെന്റിന് മൂന്ന് അല്ലെങ്കിൽ പതിനഞ്ച് സെന്റിന് ഒരു ഡസൻ ആയിരുന്നു വില. ഞങ്ങളുടെ വീട്ടിലെ സ്ഥിരം ഞായറാഴ്ച വിഭവമായിരുന്നതിനാൽ എല്ലാ ആഴ്ചയിലും രണ്ട് പെസോയ്ക്കോ വിരുന്നുകാരുണ്ടെങ്കിൽ അതിൽ കൂടുതലിനോ വാങ്ങും. വിശിഷ്ടാതിഥികൾക്കും വളരെ അടുപ്പമുള്ളവർക്കും മാത്രമേ ഇതുപയോഗിച്ചുള്ള സ്റ്റൂ വിളമ്പിയിരുന്നുള്ളു. അതിഥികൾ പ്രശംസിക്കുമ്പോൾ 'മറ്റൊരിടത്തും ഇത്ര നന്നായി ഇത് പാചകം ചെയ്യാറില്ല' എന്ന് എന്റെ അമ്മ അഭിമാനത്തോടെ പറയുമായിരുന്നു.

വീട്ടിലെ പഴയ അടുക്കളയും ഒരു ഫ്രഞ്ചുകാരൻ നിർമ്മിച്ച ഒരു പ്രത്യേകതരം പാത്രവും കറപിടിച്ച തവിയും അവരുടെ വേദനകാണുമ്പോൾ യാതൊരു ദയവും കാട്ടാ




ത്ത പാചകക്കാരിയായ തടിച്ച സ്ത്രീയെയും ഞാൻ ഓർക്കുന്നു. അവരുടെ ഹൃദയഭേദകമായ നിലവിളികൾ ഗൗനിക്കാതെ ഒന്നും സംഭവിച്ചിട്ടില്ലെന്ന മട്ടിൽ പാചകക്കാരി കൽക്കരി ഊതി ജ്വലിപ്പിച്ചുകൊണ്ടേയിരിക്കും. മുകൾ നിലയിലെ എന്റെ മുറിയിൽ നിന്ന് അവരുടെ ആർത്തനാദം എനിക്ക് കേൾക്കാമായിരുന്നു. എപ്പോഴും മഴ പെയ്തുകൊണ്ടിരുന്നതിനാൽ മഴയുടെ കലപിലയിൽ അവരുടെ കരച്ചിൽ അലിഞ്ഞു ചേർന്നിരുന്നു. അവർ ചാകുന്നതിന് യുഗങ്ങൾ എടുക്കുന്നതായും അവരുടെ വേദന അനന്തമായി നീണ്ടുപോകുന്നതായും എനിക്കനുഭവപ്പെട്ടിരുന്നു. തലയിണ എടുത്ത് മുഖം അമർത്തി ഞാൻ മുറിയിൽ തന്നെ കിടക്കുമെങ്കിലും അവരുടെ വിലാപം എന്നെ തേടിയെത്തിയിരുന്നു. ചില രാത്രികളിൽ അസമയത്ത് ഞാൻ ഞെട്ടിയുണരുമ്പോഴും അവരുടെ കരച്ചിൽ എന്റെ ചെവിയിൽ മുഴങ്ങി. അവർ ഇപ്പോഴും ജീവനോടെയുണ്ടോ എന്നോ ആ നിലവിളികൾ എന്റെ ഉള്ളിൽ, എന്റെ തലയിൽ, എന്റെ ചെവികളിൽ, അകത്തും പുറത്തും കുടുങ്ങി കിടന്ന് എന്നെ ചതച്ച് എന്നെ കഷണങ്ങളായി വലിച്ചുകീറിയോ എന്നോ എനിക്കറിയില്ല.

ചിലപ്പോളൊക്കെ മഴത്തുള്ളികൾ ചിതറി വീണ ജനൽ ചില്ലുകൾ കാണുമ്പോൾ നൂറുകണക്കിന് കുഞ്ഞു കണ്ണുകൾ അതിൽ പറ്റിപിടിച്ചിരിക്കുന്നുവെന്ന് എനിക്ക് തോന്നും. ദയയ്ക്കു വേണ്ടിയാചിക്കുന്ന നൂറുകണക്കായ ഇരുണ്ട കറുത്ത തിളങ്ങുന്ന കണ്ണുകൾ. പക്ഷേ എന്റെ വീട്ടിൽ ദയയ്ക്ക് മാത്രം ഇടമുണ്ടായിരുന്നില്ല. ഈ ക്രൂരതകൾ ആരെയും ബാധിച്ചതേയില്ല. ആ കണ്ണുകളും അവരുടെ നിലവിളികളും എന്നെ പിന്തുടർന്നിരുന്നു – പോകുന്നിടത്തെല്ലാം – ഇപ്പോഴും പിന്തുടരുന്നു.

കുറച്ച് പ്രാവശ്യം അവരെ വാങ്ങാൻ എന്നെ ചന്തയിലേക്കയച്ചെങ്കിലും അവിടെ വില്പനയുണ്ടായിരുന്നില്ല എന്ന് ആണയിട്ടു പറഞ്ഞ് ഒന്നും വാങ്ങാതെ ഞാൻ തിരിച്ചെത്തി. ഒരു ദിവസം വീട്ടുകാർക്ക് സംശയം തോന്നിയതിനെ തുടർന്ന് പിന്നീടൊരിക്കലും എന്നെ ചന്തയിലേക്ക് അയച്ചിട്ടില്ല. പകരം പാചകക്കാരിയെത്തന്നെയയ്ക്കും. പാത്രം നിറയെ വാങ്ങി വരുന്ന ആ വൃത്തികെട്ട സ്ത്രീയെ ഏറ്റവും ക്രൂരരായ കൊലപാതകികൾ അർഹിക്കുന്ന അവജ്ഞയോടെ ഞാൻ നോക്കുമായിരുന്നു. അപ്പോൾ ആ കുലട തന്റെ പതിഞ്ഞ മൂക്ക് ചുളിച്ച് ധാർഷ്ഠ്യത്തോടെ എന്നെ നോക്കി ചീറ്റുമായിരുന്നു.

അവരെ പാകം ചെയ്യുന്നത് സങ്കീർണ്ണവും സമയമെടുക്കുന്നതുമായ ഒരു കാര്യമായിരുന്നു. വൈക്കോൽ വിരിച്ച ഒരു പെട്ടിയിൽ ഇട്ടശേഷം വിരളമായി ലഭിക്കുന്ന ഒരു ഇലച്ചെടി തിന്നാനായി നൽകും. അവർ വളരെ സന്തോഷത്തോടെ കഴിക്കുന്ന ആ ചെടി ഒരു വിരേചന ഔഷധമായിരുന്നു. ആ പെട്ടിയിൽ ഒരു ദിവസം അവർ സന്തോഷത്തോടെ കഴിയും. അടുത്ത ദിവസം രാവിലെ പാചകക്കാരി അവരെ പരുക്കു പറ്റാത്തവിധം വളരെ സൂക്ഷ്മതയോടെ കുളിപ്പിച്ച് വെള്ളം തോർത്തിയെടുത്ത് ഔഷധ സസ്യങ്ങളും സുഗന്ധ വ്യഞ്ജനങ്ങളും ഉപ്പും വിനാഗിരിയും ചേർത്ത തണുത്ത വെള്ളം നിറച്ച ആ പാത്രത്തിലിടും. തീ പൂട്ടി വെള്ളം ചൂടാകാൻ തുടങ്ങുമ്പോൾ അവ നിർത്താതെ ആർത്തുകരയാൻ തുടങ്ങും. നവജാത ശിശുക്കളെപ്പോലെ, അടിയേറ്റ ചുണ്ടെലികളെപ്പോലെ, നരിച്ചീറുകളെപ്പോലെ, കഴുത്തുഞെരിച്ച പൂച്ചക്കുഞ്ഞുങ്ങളെപ്പോലെ, ഉന്മാദിനികളെപ്പോലെ...

ആ ദിവസത്തെ – എന്റെ വീട്ടിലെ എന്റെ അവസാന ദിവസത്തെ – വിരുന്നു വളരെ നീണ്ടതും വിശിഷ്ടവുമായിരുന്നു.

Amparo Davila (1928-2020) എന്ന മെക്സിക്കൻ എഴുത്തുകാരിയുടെ 'വിശിഷ്ട പാചകം' (Haute Cuisine) എന്ന ഈ കഥ 'Other times - short fiction by Latin American Women' എന്ന സമാഹാരത്തിലേതാണ്.

കവിത



# സ്ത്രീ

മാറ്റങ്ങളെങ്ങും കൊടുങ്കാറ്റുയർത്തുമ്പോൾ
മാറ്റൊലികൊള്ളുന്നു നാരിശബ്ദം
നാടിന്റെ നന്മകൾ ആഘോഷമാകുമ്പോൾ
നാരിതൻ കയ്യൊപ്പതിൽ തിളങ്ങും


ശാസ്ത്രമേന്തുന്ന സ്ത്രീശക്തിയെ കണ്ടുനാം
ശാസ്ത്രലോകത്തിലും നാരിബലം
രാജ്യകാര്യത്തിലും നീതിപീഠത്തിലും
രാത്രികം പോലവൾ രാജിക്കുന്നു.

മാറ്റങ്ങൾക്കൊപ്പമീ മഹിയിലെ മികവിന്റെ
മേൽത്തട്ടിലേക്കവൾ ചേരുമ്പോഴും
മാതൃത്വത്തിന്റെ മഹനീയ ഭാവങ്ങൾ
മഹിളയിലിഴചേർന്ന് മിന്നിടുന്നു.

അന്ധകാരത്തിന്റെ ആഴിയിൽ നിന്നവൾ
അഗ്നിപക്ഷത്തായ് പറന്നുയരും
ആത്മാഭിമാനത്തിന്റെ തീനാളമായവൾ
അഹർപ്പതിയെപ്പോൽ തിളങ്ങിനിൽക്കും



**രമേശ് ഡി.**
(ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-I)




വായനക്കുറിപ്പ്

# അംബേദ്കർ: ഒരു ജീവിതം - ശശി തരൂർ

2023 വായനദിനം – വായനക്കുറിപ്പ് മത്സരം – മൂന്നാം സ്ഥാനം

*''ഈ ലോകത്തിൽ എന്തെങ്കിലും ചെയ്യുന്നതിനുള്ള ആഗ്രഹം നിങ്ങൾ എല്ലായിപ്പോഴും മനസ്സിൽ താലോലിക്കുക. പരിശ്രമിക്കുന്നവർ മാത്രമാണ് ഉയർച്ചയിൽ എത്തുന്നത്''*



**നെൽസൺ ജെ. എളൂക്കുന്നേൽ**
(സീനിയർ ഗ്രേഡ് അസിസ്റ്റന്റ്)

ഇന്ത്യ മഹാരാജ്യത്തിന്റെ അടിസ്ഥാനശിലയായ ഭരണഘടനയുടെ ശിൽപി, ഡോ. ബി. ആർ. അംബേദ്കറുടെ ജീവിതം വസ്തുനിഷ്ഠമായും വ്യക്തതയോടും അവതരിപ്പിക്കുകയാണ് ശശി തരൂർ ഈ പുസ്തകത്തിലൂടെ. 1891 മുതൽ 1956 വരെയുള്ള അംബേദ്കറുടെ ജീവിതത്തിലൂടെ കടന്നു പോകുമ്പോൾ, അക്കാലത്തെ ഇന്ത്യയിലെ സാമൂഹ്യ അവസ്ഥയും സ്വാതന്ത്ര്യസമര നാൾവഴികളും പ്രധാന വ്യക്തിത്വങ്ങളും ഭരണഘടന രചനയിൽ നേരിട്ട വെല്ലുവിളികളും ഇഴപിരിക്കാനാവാത്ത വസ്തുതകളാണ്. അവയോരോന്നും ഇന്ത്യാ ചരിത്രത്തിന്റെ ഭാഗവുമാണ്.

1891 ഏപ്രിൽ 14-ന് ബോംബെ പ്രെസിഡൻസിയിൽ കൊങ്കൺ ദേശത്തുള്ള ഒരു മഹർ കുടംബത്തിൽ ജനിച്ച അംബേദ്കർ, ചെറുപ്പം മുതൽ അക്കാലത്ത് നിലവിൽ ഉണ്ടായിരുന്ന അയിത്ത വ്യവസ്ഥിതിയുടെ എല്ലാ ദൂഷ്യവശങ്ങളും അനുഭവിച്ചിരുന്നു. 'ഒരു അയിത്തജാതിക്കാരൻ എന്ന നിലയിൽ മറ്റു വിദ്യാർത്ഥികളിൽ

നിന്നും വ്യത്യസ്തമായി ഭീം സ്കൂളിൽ വേർതിരിക്കപ്പെട്ടിരുന്നു. ക്ലാസ് റൂമിന്റെ ഒരു മൂലയിൽ ഒരു ചാക്കിലാണ് അദ്ദേഹത്തെ ഇരുത്തിയത്...' അത്തരം അവമതിക്കലിനിടയിലും പഠനത്തിൽ പ്രായത്തിൽ കവിഞ്ഞ കഴിവ് പ്രകടിപ്പിച്ചിരുന്നു. ബാബാസാഹേബ് ഭീം റാവു രാംജി അംബേദ്കർ എന്ന പേരിനൊപ്പം MA, MSc, PhD, DSc, DLitt, Bar-at-Law എന്നീ ഡിഗ്രികളും കൂട്ടിച്ചേർത്തു.

മഹർ സമുദായത്തിൽ ജനിച്ചതു മൂലം കൽപ്പിക്കപ്പെട്ടിരുന്ന അയിത്തവ്യവസ്ഥിതിയിൽ, തന്റെ ജീവിതകാലം മുഴുവൻ തനിക്ക് നിഷേധിക്കപ്പെട്ടിരുന്ന അംഗീകാരവും സമത്വവും, വരും തലമുറയെ രക്ഷപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. രോഗലക്ഷണങ്ങളെക്കാൾ, രോഗത്തെയാണ് ചികിത്സിക്കേണ്ടതെന്നും ഉപരിപ്ലവമായ മാറ്റങ്ങളെക്കാൾ, ശാശ്വതമായ അടിസ്ഥാനപരമായ ചിന്താരീതിയിലുള്ള മാറ്റങ്ങളാണ് സമൂഹത്തിൽ വേണ്ടതെന്നും എങ്കിൽ മാത്രമേ സമൂഹത്തിലെ തൊട്ടുകൂടായ്മയുടെ വേരറുക്കാനാവുകയുള്ളൂ എന്ന ഉറച്ച ബോധ്യം അംബേദ്കറുടെ ജീവിതത്തിലെ ഓരോ ഘട്ടത്തിലും കാണാനാവും.

'മനുഷ്യന്റെ അടിസ്ഥാന അവകാശങ്ങൾക്ക് വേണ്ടിയുള്ള, പിന്നാക്ക ജാതികളുടെ പൗരാവകാശപ്രശ്നങ്ങൾ ഇന്ത്യൻ രാഷ്ട്രീയത്തിലെ പ്രധാനപ്രശ്നങ്ങളിലൊന്നാക്കി മാറ്റിയ വൈക്കം സത്യാഗ്രഹ' ത്തിന്റെ ശതാബ്ദി, 2023-ൽ നാം ആഘോഷിക്കുമ്പോൾ, ദേശീയ തലത്തിൽ സ്വാതന്ത്ര്യസമര-വേദികളിലും ഭരണഘടനാ നിർമ്മാണ അസംബ്ലിയിലും ഇന്ത്യയിലെ അധഃസ്ഥിതവർഗ്ഗങ്ങളുടെ അവകാശങ്ങൾക്കായുള്ള അംബേദ്കറുടെ പ്രവർത്തനങ്ങളും ചേർത്ത് വായിക്കേണ്ടതാണ്. 'അംബേദ്കറെ സംബന്ധിച്ചിടത്തോളം അധഃസ്ഥിതവർഗ്ഗങ്ങളുടെ വിമോചനം എന്നത് അത്ര ശ്രേഷ്ഠമായ ലക്ഷ്യമായിരുന്നു. അത് നേടാൻവേണ്ടി ഏത് മാർഗവും സ്വീകരിക്കാമെന്നതായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.'

ഇന്ത്യൻ സ്വാതന്ത്ര്യ സമരവഴികളിൽ, ഗാന്ധി - നെഹ്റു എന്നിവരുടെ നിലപാടുകളിലുള്ള വിയോജിപ്പുകളും തർക്കങ്ങളും പരസ്യമായി പൊതുവേദികളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തികഞ്ഞ ദേശീയവാദിയായിരുന്നു അംബേദ്കർ എന്നതിൽ യാതൊരു സംശയവുമില്ല. എങ്കിലും ഗാന്ധിജിയുടെ രക്തസാക്ഷിത്വവേളയിൽ അംബേദ്കറുടെ മൗനം ഒരു ചോദ്യചിഹ്നം തന്നെയാണെന്ന് പറയേണ്ടി വരും.

ഇന്ത്യൻ ഭരണഘടനയുടെ നിർമ്മാണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോഴും, ഇന്ത്യയുടെ ആദ്യ നിയമ മന്ത്രിയെന്ന നിലയിൽ നടത്തിയ ഇടപെടലുകളും ശ്രദ്ധേയമാണ്.

എം.ടി.യുടെ രണ്ടാമൂഴത്തിൽ ഭീമന്റെ ജീവിതത്തിലൂടെ മഹാഭാരത കഥ പുനരവതരിപ്പിക്കുന്നതു പോലെ, ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ഏടുകളും ഇന്ത്യയിലെ അധഃസ്ഥിതവർഗ്ഗങ്ങളുടെ അവകാശപോരാട്ടങ്ങളുടെ ലഘുചരിത്രവും ലോകത്തിനു മാതൃകയായ ഇന്ത്യൻ ഭരണഘടനയുടെ രചനാ ഘട്ടങ്ങളും അംബേദ്ക്കറുടെ ജീവിതവഴികളിലൂടെ 'അംബേദ്കർ: ഒരു ജീവിതം' എന്ന പുസ്തകത്തിൽ ശശി തരൂർ നമ്മുക്ക് മുന്നിൽ തുറന്നു വയ്ക്കുന്നു.




# ആർട്ട് ഗാലറി





**ബെൻസി ആനന്ദ്**
(അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ)





**സുമി എസ്.**
(സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ്)





**ആർ. നന്ദകുമാർ**
(അണ്ടർ സെക്രട്ടറി)



# ബാല സമന്വയം






**ഷഫാന ഷാനവാസ്**
D/o ഷാനവാസ്,
പാർട്ട്ടൈം
സാനിറ്റേഷൻ വർക്കർ







**വിസ്മയ പിള്ള**
D/o പ്രേമ എൻ. വി.,
സെലക്ഷൻ ഗ്രേഡ്
കമ്പ്യൂട്ടർ അസിസ്റ്റന്റ്







**ലിഡിയ ബി. ഷൈൻ**
D/o ബീന ജോസഫ്,
അസിസ്റ്റന്റ്









**ജോബ് എസ്. വിൽസ്**
S/o സനൽകുമാർ W.,
സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ
അസിസ്റ്റന്റ്



**അനുരാഗ് എ. എസ്.**
S/o സുമി എസ്.,
സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ
അസിസ്റ്റന്റ്






**സിയ മെറിൻ എസ്. എൻ.**
D/o നസിയ നസീർ,
അസിസ്റ്റന്റ്







**സാധവ് ശങ്കർ**
S/o ശങ്കർ കെ. കെ.,
അസിസ്റ്റന്റ് സെക്ഷൻ
ഓഫീസർ





**അനൻ**
S/o അരുണിമ എസ്. എസ്., അസിസ്റ്റന്റ്.

## നിയമസഭാ ലൈബ്രറിയിൽ വാങ്ങിയ പുസ്തകങ്ങളിൽ നിന്നും തിരഞ്ഞെടുത്ത 12 പുസ്തകങ്ങളുടെ ലഘുവിവരണങ്ങളും പുറംചട്ടയുടെ ചിത്രങ്ങളും അടങ്ങിയ ലിസ്റ്റ്



**സത്യത്തിന്റെ സാക്ഷി**
(ഒരു പത്രപ്രവർത്തകന്റെ ഓർമ്മക്കുറിപ്പുകൾ)
**മധു വെച്ചൂച്ചിറ**
രചന ബുക്സ് : കൊല്ലം, 2021
4wMAD212 32R1

(പത്രപ്രവർത്തകനായ ലേഖകന്റെ അനുഭവങ്ങളും ഓർമ്മക്കുറിപ്പുകളും സമകാലിക രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക, ചരിത്രത്തിന് ചൈതന്യം പകർന്നവരെ കുറിച്ചുള്ള ഓർമ്മകളും)



**ഡോ. ബി. ആർ. അംബേദ്കർ: ജീവിതവും ദർശനവും**
**ടി.കെ.സി. വടുതല**
എ.ഡി (2-ാം പതിപ്പ്)
പ്രണത ബുക്സ് : കൊച്ചി, 2021
V2 : 2wAMB 32 R1

(ഡോ. ബി.ആർ. അംബേദ്കറെ കുറിച്ചുള്ള പ്രമുഖരുടെ ലേഖനങ്ങൾ)





**പശ്ചിമഘട്ടവും പരിസ്ഥിതിയും**
**എൻ. രവീന്ദ്രൻ**
ഇൻസൈറ്റ് പബ്ലിക്കേഷൻസ്: കോഴിക്കോട്, 2018
G: 55.212g7W 32Q8

(പശ്ചിമ ഘട്ടം, മാധവ് ഗാഡ്ഗിൽ നിഗമനങ്ങൾ, കസ്തൂരിരംഗൻ റിപ്പോർട്ട്, നാളെയുടെ പരിസ്ഥിതി എന്നീ വിഷയങ്ങൾ വിശകലനം ചെയ്യുന്ന കൃതി)

**ആയുർവേദത്തിലെ നേരറിവുകൾ**
**ഡോ. സന്തോഷ് തോമസ്**
പ്രണത ബുക്സ് : കൊച്ചി, 2014
LB(z) 32Q4


(രോഗാവസ്ഥയെ ഒഴിവാക്കുവാനായി ആയുർവേദ വൈദ്യശാസ്ത്രം നൽകുന്ന പ്രതിവിധികൾ വിശദീകരിക്കുന്ന ഗ്രന്ഥം)





**ഉയിർത്തെഴുന്നേല്പ്**
(3-ാം പതിപ്പ്)
**ലിയോ ടോൾസ്റ്റോയി**
പ്രഭാത് ബുക്ക് ഹൗസ്: തിരുവനന്തപുരം, 2020.
O142,3TOL 32RO

(ലിയോ ടോൾസ്റ്റോയിയുടെ Resurrection എന്ന നോവലിന്റെ പരിഭാഷ.)



**തെരഞ്ഞെടുത്ത കവിതകൾ**
**1965 – 1998**
**സച്ചിദാനന്ദൻ**
കറന്റ് ബുക്സ് : തൃശ്ശൂർ, 2018.
O32,ISACT Q8

(കെ. സച്ചിദാനന്ദന്റെ തെരഞ്ഞെടുത്ത കവിതകളുടെ സമാഹാരം.)




**ഇസ്ലാമോഫോബിയ ഇൻഡസ്ട്രി**
**നഥാൻ ലീൻ**
**വിവ:**
**സന്തോഷ് കുമാർ വി.ടി & രതീഷ് ഇ.ജി.**

ഐ.പി.ബി ബുക്സ് : കോഴിക്കോട്, 2020
Q7 (W) 32RO

(ഇസ്ലാം വിദ്വേഷവും ഇസ്ലാം ഭീതിയും പ്രമേയമായി വരുന്ന പുസ്തകം. ഇസ്ലാമിനെ നിത്യശത്രുവിന്റെ സ്ഥാനത്ത് നിർത്തി മാധ്യമങ്ങളും ഭൂരിപക്ഷ മതസംഘടനകളും യൂറോപ്പിലും അമേരിക്കയിലും നടത്തുന്ന പ്രചാരണപദ്ധതികളുടെ ഉള്ളറകളിലേക്ക് കടന്നു ചെല്ലുന്ന പുസ്തകം)




**മലബാർ കലാപം: ഒരു പുനർവായന (8ാം പതിപ്പ്)**
**ഡോ. കെ.ടി. ജലീൽ**


ചിന്ത പബ്ലിഷേഴ്സ്: തിരുവനന്തപുരം, 2022
V2153:194 32R2

(1921 ലെ മലബാർ കലാപത്തിന്റെ പ്രത്യയ ശാസ്ത്ര ഭൂമികയിലേക്കും അതിനു നേതൃത്വം കൊടുത്തവരുടെ ജീവിതത്തിലേക്കും അക്കാലത്തെ ഭൂവുടമാബന്ധത്തെ കുറിച്ചും പ്രതിപാദിക്കുന്ന കൃതി, 2017-ലെ തനിമ പുരസ്കാരം നേടിയ കൃതി.)





**ഫാമിലി കൗൺസലിങ്**
(2-ാം പതിപ്പ്)
**മുരളീധരൻ മുല്ലമറ്റം**
ജീവൻ ബുക്സ് : കോട്ടയം, 2016.
S8(Y2) 32Q6

(ദമ്പതികളുടെ കലഹം, കുട്ടികളുടെ പ്രശ്നങ്ങൾ, വൃദ്ധജനങ്ങളുടെ പ്രശ്നങ്ങൾ, ലഹരിക്കടിമകളാകുന്നതു വഴിയുള്ള പ്രശ്നങ്ങൾ തുടങ്ങി ഫാമിലി കൗൺസിലിങ്ങിന്റ പരിധിയിൽ വരുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഗ്രന്ഥം)




**ഉണരുന്ന കർഷക ഇന്ത്യ**
**സത്യൻ മൊകേരി**
പ്രഭാത് ബുക്ക് ഹൗസ്: തിരുവനന്തപുരം. 2021
W87:58(X).2 32R1

(കൃഷിക്കാരുടെ പ്രശ്നങ്ങളെ സമഗ്രമായി വിശകലനം ചെയ്യുന്ന ഗ്രന്ഥം)







**നവലിബറൽ കാലത്തെ ഇന്ത്യൻ ഇക്കോണമി**
**സുധാകരൻ (കെ.ജി.)**
ഇൻസൈറ്റ് പബ്ലിക്ക: കോഴിക്കോട്, 2021.
X51.2 32R1

(ഇന്ത്യയിലെ ബാങ്കിങ് മേഖല എവിടെയെത്തിയിരിക്കുന്നു എന്ന് അന്വേഷിക്കുന്ന ലേഖനങ്ങളുടെ സമാഹാരം.)

**കശ്മീർ എന്റെ രക്തചന്ദ്രിക**
**രാഹുൽ പണ്ഡിത**
**വിവ: നാരായണൻ എം.വി.**
കുരുക്ഷേത്ര പ്രകാശൻ : കൊച്ചി, 2022
Y:495wRAH 32R2.

(നിർബന്ധിത മതപരിവർത്തനങ്ങളും കൂട്ടക്കൊലകളും പലായനങ്ങളും കൊണ്ട് കലുഷിതമായ വർത്തമാന കാശ്മീരിന്റെ അവസ്ഥകൾ തുറന്നു കാട്ടുന്ന പുസ്തകം)



# ഭരണഭാഷാ - പ്രതിജ്ഞ

മലയാളം എന്റെ ഭാഷയാണ്.

മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു.

മലയാള ഭാഷയെയും കേരള സംസ്കാരത്തെയും
ഞാൻ ആദരിക്കുന്നു.

ഭരണ നിർവഹണത്തിൽ മലയാളത്തിന്റെ ഉപയോഗം
സാർവത്രികമാക്കുന്നതിന് എന്റെ കഴിവുകൾ
ഞാൻ വിനിയോഗിക്കും.